


**എഡിറ്റോറിയൽ ബോർഡ്**

ആകാശ് / അഭിജിത്ത് / മാനസ / ഷിഫ /
ബിൻസി / ലക്ഷ്മിപ്രിയ / ജംഷീദ / സൂര്യ

Copyheart 2016.
Copying is an act of love. Love is not subject to law. Please copy and share

**പകർപ്പിഷ്ടം 2012.**

**ഇഷ്ടപ്പെടുന്നവരാണ് പകർത്തുന്നത്. ഇഷ്ടത്തിന് നിയമമില്ല. പകർത്തുവിൻ പങ്കുവെയ്ക്കുവിൻ.**

# കിനാവുപോലെ ഒരു കാലം വരുന്നുണ്ട്...

പെണ്ണില ആദിതൊട്ടിതുവരെ ആൺമുള്ളിന് ഇരകളായി കൊണ്ടിരിക്കുന്നു.ഇല എന്നും അടങ്ങിയിരിക്കണം പഴുത്ത് പാകമാവുമ്പോൾ മണ്ണിൽ വീണില്ലാതെയാകണം. ആൺ മുള്ളിനോ? സർവ സ്വാതന്ത്ര്യവുമെടുത്തു ശിലകൾക് മേൽ ആധിപത്യമുറപ്പിക്കേണം. അതാണല്ലോ പാരമ്പര്യത്തിന്റെ പ്രത്യയശാസ്ത്രം. പെണ്ണിലകളെങ്ങനെ ഇരുളിലായി എന്നതും ആണ് മുള്ളുകളെങ്ങനെ അധികാരികളായി എന്നതും അന്വേഷിച്ചുപോവുമ്പോൾ പുരുഷ കേന്ദ്രികൃതമായ ഒരു സമൂഹത്തിന്റെ ചട്ടക്കൂടുക്കുള്ളിലാണ് നാം ജീവിച്ചുപോരുന്നത് എന്ന വസ്തുത വെളിപ്പെടുന്നതാണ്. ഭാഷയും സമൂഹവും സ്ത്രീയെ എത്ര മാത്രം വേർതിരിച്ചു കാണുന്നുണ്ടെന്നും നമുക്ക് ഒരു കുഞ്ഞു ജനിച്ചു വീഴുന്നത് മുതൽ മനസ്സിലാക്കാനാകും.

തൊട്ടതിനും പിടിച്ചതിനുമെല്ലാം "നീ പെണ്ണല്ലേ" എന്ന ക്ളീഷേ ഡയലോഗുകളിൽ അവളെ സമൂഹം പെണ്ണിലയാക്കി മാറ്റുന്നു. കരുത്ത് അത് ആണിനുമാത്രം ആണ് ഉള്ളത് എന്നും പെണ്ണാണെങ്കിൽ നാളെ മറ്റൊരാളുടെ അടുക്കളയിൽ അടങ്ങി ജീവിക്കേണ്ടവരാണെന്നുമുള്ള തെറ്റായ ബോധം സ്വന്തം വീടുകളിൽ നിന്ന് തന്നെ കുട്ടികളിൽ കുത്തിവെക്കപ്പെടുന്നു. ആണിനെ മുള്ളാക്കി മാറ്റാൻ ഈ ശിക്ഷണം തന്നെ ധാരാളം. അവൻ കുറച്ചു കൂടി മുതിർന്നു, കലാലയ ജീവിതം നയിക്കുമ്പോളും സ്ഥിതിഗതികൾക്ക് മാറ്റമുണ്ടാകുന്നില്ല. പക്ഷെ പെണ്ണിനെ പെണ്ണിലയാക്കിമാറ്റുന്നതിൽ കലാലയങ്ങളുടെ പങ്ക് വളരെ വലുതാണ്. പരസ്പരം സംസാരിച്ചാൽ, അടുത്തിരുന്നാൽ, കൈകോർത്തു നടന്നാൽ എല്ലാം കൊലക്കുറ്റത്തിനേക്കാൾ വലിയ കുറ്റമാണ്.അപ്പോളും ക്രൂശിക്കപ്പെടുന്നത് അവൾ തന്നെയാണ്.

പെണ്ണിന്റെ സംസാര വിഷയങ്ങൾ സിനിമ സീരിയൽ ഗോസിപ്പുകളിലും ഫാഷൻ സങ്കല്പങ്ങളിലും മാത്രമായ് ഒതുങ്ങി പോകുന്നതിന്റെ പിന്നിലും ആൺ കേന്ദ്രീകൃത സമൂഹത്തിന്റെ ശക്തമായ സ്വാധീനം തന്നെയാണ് കാരണം.പെണ്ണിന്റെ ആത്യന്തിക ലക്ഷ്യ സ്ഥാനം അടുക്കളയാണെന്ന് ഈ സമൂഹം പറഞ്ഞ് പഠിപ്പിക്കുമ്പോൾ പിന്നെങ്ങനെയാണ് ഇത്തരം ഗോസിപ്പുകളിൽ നിന്നും മേക്കപ്പ് ഭ്രമത്തിൽ നിന്നും അവൾ പുറത്തു കടക്കുന്നത്? 85 ശതമാനത്തോളം പെൺകുട്ടികൾ പഠിക്കുന്ന ആർട്സ് കോളേജുകളിൽ ഉപസ്ഥാനങ്ങളിലും പ്രതിനിധി


**ആണിനെ മുള്ളാക്കി മാറ്റാൻ ഈ ശിക്ഷണം തന്നെ ധാരാളം. അവൻ കുറച്ചു കൂടി മുതിർന്നു, കലാലയ ജീവിതം നയിക്കുമ്പോളും സ്ഥിതിഗതികൾക്ക് മാറ്റമുണ്ടാകുന്നില്ല. പക്ഷെ പെണ്ണിനെ പെണ്ണിലയാക്കിമാറ്റുന്നതിൽ കലാലയങ്ങളുടെ പങ്ക് വളരെ വലുതാണ്.**

കസേരകളിലും ഒഴികെയുള്ള എത്ര പെൺ യൂണിയൻ ഭാരവാഹികളെ നിങ്ങൾക്കറിയാം ? സർവത്രയിടങ്ങളിലും സ്ത്രീകൾക്ക് രണ്ടാം സ്ഥാനമാണ് കല്പിക്കുന്നത്. ആർത്തവത്തിന്റെ പേരിൽ അവൾക്കെങ്ങനെയാണ് ചിലയിടങ്ങളിൽ പ്രവേശനം കിട്ടാതെ പോയത്? ചോദ്യങ്ങൾ നിരവധിയാണ് ,  പെണ്ണനുഭവിക്കുന്ന വിവേചനങ്ങളുടെ നൂറിലൊരംശം പോലുമായില്ല ഇത്. ഈ പറഞ്ഞ വസ്തുത കളിലൊരംശമെങ്കിലും മാറ്റാവുന്നതാണോ എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?പെണ്ണിലകൾ പെൺതിരകളാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു, ശക്തിയോടെ ആഞ്ഞടിക്കേണ്ട കാലം. എന്നാൽ മുൻകാലങ്ങളിൽ നിന്ന് വിഭിന്നമായി ഉയർന്നു വരുന്ന സ്ത്രീശബ്ദങ്ങൾ ശുഭ പ്രതീക്ഷയാണ് തരുന്നത്.അപ്പോൾ മൂന്നാം ലിംഗമെന്നു മുദ്ര കുത്തപ്പെട്ട ട്രാൻസ്ഗെൻഡേഴ്സിന്റെ കാര്യമോ? പൊതു ഇടങ്ങളിൽ അവരുടെ അവസ്ഥ ദയനീയമാണ് .ട്രാൻസ് ജൻഡേർസും മജ്ജയും മാംസവുമുള്ള പച്ചമനുഷ്യരാണു എന്ന് അംഗീകരിക്കാൻ ആർക്കാണിത്ര ബുദ്ധിമുട്ട്? ഈ ഭൂമിയിൽ ആണിനും പെണ്ണിനും ഉള്ളത് പോലെത്തന്നെ അവകാശം ട്രാൻസ് ജൻഡേഴ്സിനും ഉണ്ട്.LGBT , വൈവിധ്യങ്ങൾ നിറഞ്ഞ ലിംഗ സ്വത്വങ്ങളെ കുറിച്ചുള്ള ചർച്ച  ഇപ്പോൾ സജീവമായി വരുന്നു എന്നത് ആശ്വാസകരമാണ്. ലിംഗേതരമായ മനുഷ്യ ആത്മബന്ധങ്ങൾ ഊട്ടിയുറപ്പിക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. ജാതിമത അതിർവരമ്പുകളില്ലാതെ, വ്യവസ്ഥകൾക്കെതിരായ പുതിയ പാട്ടുമായി കിനാവുപോലൊരു കാലം, വരുന്നുണ്ട് ഉപാധികളില്ലാത്ത സ്നേഹത്തോടെ നമുക് കൈകോർക്കാം അതിനുള്ള തുടക്കം ഇനി നമ്മുടെ കലാലയങ്ങളിൽ നിന്നാകട്ടെ

"ഇലകൾ തമ്മിൽ തൊടുമെന്നു പേടിച്ചു നാം അകറ്റി നട്ട മരങ്ങൾ മണ്ണിനടിയിൽ വേരുകളാൽ കെട്ടിപുണരുന്നു."

**85 ശതമാനത്തോളം പെൺകുട്ടികൾ പഠിക്കുന്ന ആർട്സ് കോളേജുകളിൽ ഉപ സ്ഥാനങ്ങളിലും പ്രതിനിധി കസേരകളിലും ഒഴികെയുള്ള എത്ര പെൺ യൂണിയൻ ഭാരവാഹികളെ നിങ്ങൾക്കറിയാം ?**

# ആണധികാരങ്ങൾ വിചാരണ ചെയ്ത് 'വി–മെൻസസ്'




ആചാരങ്ങൾ രൂപപ്പെടുത്തിയ പ്രാചീന വ്യവസ്ഥിതി മാറിയിട്ടും അക്കാലത്തെ നിയമങ്ങൾ അതേപടി ഇന്നും തുടരുന്നതിലെ യുക്തി ചോദ്യം ചെയ്യുകയാണ് വിമെൻസസ്" എന്ന ദൃശ്യാനുഭവം. പാരമ്പര്യ അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും സ്ത്രീകൾ ഇടപെടണോ എന്നന്വേഷിക്കുന്ന ഉണ്ണികൃഷ്ണൻ ആവള സംവിധാനം ചെയ്ത "വിമെൻസസ് "എന്ന ഡോക്യുമെന്ററി റിലീസിങ്ങിനൊരുങ്ങുകയാണ്.
തെയ്യങ്ങളിൽ ഭൂരിഭാഗവും അമ്മവേഷങ്ങളായിട്ടും ഈ കോലങ്ങളൊക്കെ പുരുഷൻ മാത്രം കെട്ടിയാടുന്നത് എന്തുകൊണ്ടാണെന്ന് ആലോചിച്ചു തുടങ്ങുന്ന ഡോക്യുമെന്ററി കേരളത്തിലെ അനുഷ്ഠാന ഇടങ്ങളിലെ

സിനിമ സംവാദങ്ങൾ

**ആർത്തവം പോലുള്ള ശാരീരിക പ്രത്യേകത കൾ വ്രതഭംഗത്തിന് കാരണമാകുന്ന ദൗർബല്യങ്ങളായി ചൂണ്ടിക്കാണിച്ച് സ്ത്രീയെ മാറ്റി നിർത്തുന്നതിനെ ഈ ഡോക്യുമെന്ററി വിചാരണക്ക് വിധേയമാക്കുന്നു.**

സ്ത്രീ അവസ്ഥകളേയും അനുഭവങ്ങളേയും വിശാലമായി പകർത്തുന്നു. മുമ്പ് നിലനിന്നിരുന്ന സവർണ്ണ പുരുഷാധികാര വ്യവസ്ഥിതിയിൽ നിന്ന് കാലമേറെയായിട്ടും സ്ത്രീകളിന്നും കാഴ്ചക്കാരികൾ മാത്രമായി നിൽക്കുന്നതിന്റെ കാരണങ്ങളാണ് 73 മിനിട്ട് ദൈർഘ്യമുള്ള ഈ ഡോക്യുമെന്ററിയുടെ ഇതിവൃത്തം. സ്ത്രീയും പുരുഷനും ഒരേപോലെ സമൂഹത്തിൽ ഇടപെടാൻ തുടങ്ങിയിട്ടും ആർത്തവം പോലുള്ള ശാരീരിക പ്രത്യേകതകൾ വ്രതഭംഗത്തിന് കാരണമാകുന്ന ദൗർബല്യങ്ങളായി ചൂണ്ടിക്കാണിച്ച് സ്ത്രീയെ മാറ്റി നിർത്തുന്നതിനെ ഈ ഡോക്യുമെന്ററി വിചാരണക്ക് വിധേയമാക്കുന്നു. അമ്മദൈവകക്കാവുകൾ ശൈവവിഷ്ണു ക്ഷേത്രങ്ങളായി മാറുന്നതും കളിയാട്ടത്തിന് വാഹനപാർക്കിങ്ങിനുവേണ്ടി കാവുനശിപ്പിക്കുന്നതും "വിമെൻസസ്" ചൂണ്ടിക്കാണിക്കുന്നു. സമൂഹം അംഗീകരിച്ചാൽ അനുഷ്ഠാനങ്ങളിൽ ഇടപെടാൻ തയ്യാറാണെന്ന് പറയുന്ന സ്ത്രീപക്ഷത്തെ പൊതുസമൂഹത്തിന് മുന്നിൽ വയ്ക്കുകയാണ് മലയാളത്തിലും തുളുവിലുമായി ചിത്രീകരിച്ച ഈ ഡോക്യുമെന്ററി. ഒരു കാലത്ത് എല്ലാ തെയ്യങ്ങൾ കാണാനും കളിയാട്ടത്തിൽ പങ്കെടുക്കാനും സ്ത്രീകൾക്ക് അനുമതി ഉണ്ടായിരുന്നില്ല. ഒറ്റയ്ക്കും കൂട്ടായും സ്ത്രീകൾ നടത്തിയ ഇടപെടലുകളിലൂടെയാണ് കളിയാട്ടം കാണാൻ അനുമതി ലഭിച്ചത്. എന്നിട്ടും ഇന്ന് പുതുതായി ഉണ്ടാകുന്ന ചില ക്ഷേത്രങ്ങൾ ദേവീകോപമുണ്ടാകുമെന്ന് പറഞ്ഞ് സ്ത്രീപ്രവേശത്തെ വിലക്കുന്നതും ഡോക്യുമെന്ററി വിമർശന വിധേയമാക്കുന്നു.



അമ്പലങ്ങളിൽ അടിച്ചുതളിക്കാരിയായും ഉത്സവപ്പിരിവുകാരായും സ്ത്രീകൾ പ്രവർത്തിക്കുമ്പോഴാണ് അനുഷ്ഠാനങ്ങളിൽ നിന്നുള്ള മാറ്റിനിർത്തൽ എന്നും പ്രേക്ഷകനെ ഓർമ്മിപ്പിക്കുന്നു ഇതിലെ ദൃശ്യങ്ങൾ. ആർത്തവം ഉണ്ടാകുമോ എന്ന് ഭയന്ന് അത് നീട്ടിവയ്ക്കാൻ മരുന്നു കഴിക്കേണ്ടി വരുന്ന സ്ത്രീകളുടെ തുറന്നു പറച്ചിലുകളും ആർത്തവമെന്ന ശാരീരിക അവസ്ഥയോടുള്ള പുരുഷാധികാര സമൂഹത്തിന്റെ പ്രാകൃത കാഴ്ചപ്പാടുകളും വിശകലന വിധേയമാക്കുന്നുണ്ട് "വിമെൻസസ്" വിബ്ജിയോർ യംഗ് ഫിലിം മേക്കർ ഫെലോഷിപ്പ്, പി ജെ ആന്റണി നാഷണൽ അവാർഡ്, കോൺഡാക്റ്റ് ഡോക്യുമെന്ററി പുരസ്കാരം എന്നിവ നേടി ദേശീയശ്രദ്ധ ആകർഷിച്ച "ലാസ്റ്റ് പേജ്" എന്ന ഡോക്യുമെന്ററിക്ക് ശേഷം ഉണ്ണികൃഷ്ണൻ ആവള സംവിധാനം ചെയ്യുന്ന ഡോക്യുമെന്ററിയാണ് "വിമെൻസസ്". പൊളിറ്റിക്കൽ സ്റ്റുഡിയോയുടെ ബാനറിൽ നിർമ്മിച്ച ഡോക്യുമെന്ററിയുടെ പ്രൊജക്റ്റ് ഡിസൈനർ സതീഷ് അറങ്ങോടനാണ്. ക്യാമറ നിർവ്വഹിച്ചത് പ്രതാപ് ജോസഫ്. എഡിറ്റിങ് രാജേഷ് രവി.സംഗീതം രാമചന്ദ്രൻ ചെരണ്ടത്തൂർ.

---

**സിനിമയുടെ ദൃഷ്യാങ്കവം സ്ക്രൈബ്സ് ശാസ്ത്ര സാംസ്കാരികോത്സവം ഫേസ്ബുക് പേജിൽ എഴുതുമല്ലൊ**

# അവരുടെ പെൺനാവുകൾ നിങ്ങൾക്കെതിരെ കൊടുവാളുയർത്തും

**പെൺതിര ജെന്റർ സംവാദത്തിനായി തയ്യാറാക്കിയ ചർച്ചാക്കുറിപ്പ്**

• പരസ്പരമുള്ള  വർത്തമാനങ്ങളിൽ പോലും തങ്ങളുടെ ശരീരങ്ങളെക്കുറിച്ച് സംസാരിക്കാൻ ,സംശയങ്ങൾ പങ്കുവെക്കാൻ ലജ്ജ അനുവദിക്കാത്തവർ. ആർത്തവനോവിനെ കുറിച്ച് അടക്കം പറയുന്നവർ.

• നീ പെൺകുട്ടിയല്ലേ ,നിനക്കെന്താണ് മറ്റു പരിപാടികൾ എന്നതാണ് അധ്യാപകരുടെ ന്യായവാദം..പെണ്ണിന് പഠനം ,പഠനം മാത്രം .


• മാനേജ്മന്റ് സ്ഥാപനങ്ങളിൽ തുടങ്ങി വെച്ചിരിക്കുന്ന മോറൽ സയൻസ് അവറുകൾ പഠിപ്പിക്കുന്നത് ഇത് തന്നെയാണ് .എങ്ങനെ നല്ല അമ്മയാകണം ഭാവിയിൽ ,നല്ല മരുമകളും ,മികച്ച ഭാര്യയും അകേണ്ടുന്നതിന്റെ ആവശ്യമെന്താണ് ..പവിത്രമായ നിങ്ങളുടെ ശരീരത്തെ ആൺ നോട്ടങ്ങളിൽ നിന്ന് പൊതിഞ്ഞു സൂക്ഷിക്കേണ്ടത് ഏതു വിധമാണ് (അല്ലെങ്കിലും പെണ്ണിന് ദുസ്സ ഹമാകുന്ന വിധത്തിലുള്ള തന്റെ നോട്ടങ്ങളെ നിയന്ത്രിക്കാൻ നാം ആൺകുട്ടികൾക്ക് ക്ലാസെടുക്കാറില്ലല്ലോ ) അങ്ങനെ നീളുന്നു ലിസ്റ്റ് .

• ലെഗിൻസ് ധാരികളും ഷാൾ ഉപയോഗിക്കാത്തവരും പാവടക്കാരികളും വഴിപിഴച്ചവരായി മുദ്ര കുത്തപ്പെടുന്നു.

• പിഞ്ചു കുഞ്ഞുങ്ങളും മുതുമുത്തശ്ശിമാരും പീഡിപ്പിക്കപ്പെട്ട കാലത്തും വസ്ത്രമാണോ പീഡന കാരണം...?

• മൊബൈൽ ഫോണുകൾ പല കലാലയങ്ങളിലും നിരോധനമാണ് .പ്രേമിക്കാനും ചാറ്റ് ചെയ്യാനും അവിഹിതത്തിലെർപ്പെടാനുമല്ലാതെ ഫോണുപയോഗിക്കുന്നവരെ ആർക്കും അറിയില്ലല്ലോ ...അഥവാ അങ്ങനെ ആരെങ്കിലും ഉണ്ടെങ്കിൽ അവർ അധികൃതർക്ക്  "ന്യൂനപക്ഷമാണ്" .അവർക്ക് വേണ്ടി  "ഭൂരിപക്ഷത്തിന്റെ" സുരക്ഷ എങ്ങനെ ഒഴിവാക്കും ?

ആയതിനാൽ ഉപയോഗിക്കുന്നവർ പോലും കാൾ ലിസ്റ്റ് പരിശോധനക്ക് വിധേയരാണ് ,പ്രത്യേകിച്ചു ഹോസ്റ്റൽ മുറികളിൽ ! ആരോട് എന്തിനു എത്ര നേരം എന്ന് വിശദീകരണം നൽകേണ്ടിയിരിക്കുന്നു. അപ്പോൾ പഠന ആവശ്യത്തിനുള്ള ഇന്റർനെറ്റ് സൌകര്യമോ ?അത് കോളേജ് സമയത്തിൽ കമ്പൂട്ടർ ലാബിൽ നിന്നായിക്കോളൂ ,നിബന്ധന യുണ്ട് ,ഫേസ്ബുക്ക് യുറ്റ്യൂബ് ഇവ ഉപയോഗിക്കരുത് .പ്രത്യേകിച്ചു ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ച്!!




• എവിടെ ഇരിക്കണം എന്നുള്ളത് പോലും അലിഖിത നിയമമാണ് .
സജീവമായ ഇടനാഴികളിൽപ്പോലും തനിച്ചു നടക്കാൻ ഭയമാണ്. ഇനി കൂട്ടാരുമില്ലെങ്കിലോ ..? ഒരു പുസ്തകം ,അല്ലെങ്കിൽ മുറുകെ പിടിക്കാൻ ഒരു പേന .. കൈ വീശി സ്വതന്ത്രയായി തലയുയർത്തി നടക്കാൻ ആരാണവളെ അനുവദിക്കാത്തത് ?

• ആർട്സ് കോളേജിൽ ഭൂരിഭാഗവും വിദ്യാർത്ഥികളും പെൺകുട്ടികളായിട്ടു കൂടി കോളേജ് യൂണിയൻ ഭാരവാഹികൾ ഏറിയ കൂറും ആൺകുട്ടികളാണ്. "ഉപ" സ്ഥാനങ്ങളിലും "പ്രതിനിധി"ക്കസേരയിലും ആർട്സ് ക്ലബ് ഉത്തരവാദിത്വത്തിലും അനുസരണയോടെ ഒതുങ്ങിക്കൂടുന്ന പെൺപുലികൾ ചില്ലറയല്ല. .

• ആൺകുട്ടികൾ പെൺ കൂട്ടുകാരികൾക്ക് നല്കുന്ന സൗഹൃദം "സുരക്ഷിതത്വത്തിന്റെ " കടമ ഏറ്റെടുത്തു കൊണ്ടാണ് .അവരെ സംരക്ഷിക്കുകയും കാപാലികരായ ഗുണ്ട സംഘങ്ങളിൽ നിന്ന് സാഹസികമായി പരിരക്ഷിച്ചു പോരുകയും ചെയ്യൽ അവരുടെ ഉത്തരവാദിത്തമാണ് എന്ന മട്ടിലാണ് കാര്യങ്ങൾ .

• തലച്ചോറും വിദ്യഭാസവുമുണ്ടായിട്ടും എന്ത് കൊണ്ടാണ് സ്വയം സൂക്ഷിക്കാന റിയാത്തവരായി നമ്മൾ മാറുന്നത് ?

• ആ ദിവസങ്ങളിൽ അവർ സ്റ്റെപ്പ് കയറാറില്ല . മറ്റു ബെഞ്ചുകളിൽ



പോയിരുന്ന് അവ അശുദ്ധമാക്കാറില്ല“ !(കരുതിയിരിക്കുക ..മാസാമാസം ചാണകവെള്ളം തളിച്ചു അടിച്ചു കഴുകേണ്ട കലാലയങ്ങളുടെ നാളെ അതിവിദൂരമല്ല.)ആർത്തവമെന്ന് പറയാനും മടിക്കുന്ന പെൺകുട്ടികളും കുറവല്ല.




• വസ്ത്രത്തിൽ കറയാകുമെന്നുള്ള ഭയം ! ആർത്തവ ദിനങ്ങളിൽ മാത്രമല്ല സി.ടി കൊടുത്ത് യാത്ര ചെയ്യുമ്പോഴും കണ്ടക്ടർ വഴക്ക് പറയുമോ എന്ന് പേടിച്ച് സീറ്റിൽ ഇരിക്കാത്തവർ ഒരുപാടാണ്

• പലയിടത്തും ചെറുത്തു നില്ക്കുന്നവരോട് അധ്യാപകർ സ്വീകരിക്കുന്ന രീതിയും അപലപനീയമാണ് . ഇൻറ്റേണൽ മാർക്ക് വെട്ടിക്കുറച്ചും സ്വഭാവ സർട്ടിഫിക്കറ്റ് പിടിച്ചു വെച്ചും സസ്പെൻഷൻ ഉത്തരവ് നല്കിയുമൊക്കെയാണ് പ്രതികാര നടപടികൾ .

• “എന്തിനാണ് നമ്മൾ ആ കമിതാക്കളെ അകറ്റുന്നത് “ അവർക്ക് പരസ്പരം സ്നേഹമാണ് .കിട്ടുന്ന നേരങ്ങളിലോക്കെ അവർ ഒന്നിച്ചിരിക്കുന്നു .പൊട്ടും പൊടിയും ചികഞ്ഞു വിശേഷങ്ങൾ പങ്കു വെക്കുന്നു ,തല്ലു കൂടുന്നു ഒന്നിചിരുന്ന് ഭക്ഷണം കഴിക്കുന്നു ...ഒരു പക്ഷെ ഭാവിയിൽ അവരൊന്നിച്ചേക്കാം അല്ലെങ്കിൽ ഒരിക്കലും കണ്ടു മുട്ടാത്ത വിധം അകന്നു പോയേക്കാം ..രണ്ടായാലും അവ നിരുപദ്രവകാരികളാണ് “.എത്ര അധ്യാപകർക്കുണ്ടാകും ഈ സമീപനം

• പ്രണയം നിരോധിക്കപ്പെട്ട ക്യാമ്പസുകൾ പോലും ഇന്ന് കേരളത്തിലുണ്ട്.
അങ്ങനെ നിരോധിക്കപ്പെടേണ്ട ഒന്നാണോ പ്രണയം? നിരോധിച്ചത് കൊണ്ട് അതില്ലതെയാക്കാൻ കഴിയുമോ ?

• ആൺകുട്ടികളുടേയും പെൺകുട്ടികളുടെയും പ്രണയത്തെ മറ്റുള്ളവർ നോക്കിക്കാണുന്ന രീതി പോലും ഭിന്നമാണ്. ആൺകുട്ടിക്ക് പ്രണയം ക്രെഡിറ്റാണ് പെണ്ണിന് മാനക്കേടും ഭാവിയിലേക്കുള്ള ചരിത്രവും (പഴയ കാമുകി എന്നൊരു വ്യക്തിയുണ്ടെങ്കിൽ അതുപയോഗിച്ചു പഴകിയ ചരക്കോ പീസോ ആണ് ആൺകൂട്ടങ്ങൾക്ക് ).




• ആണിന്റെ പക്വത പുറത്തേക്കും പെണ്ണിന്റെ പക്വത അകത്തേക്ക് അച്ചടക്കതിന്റേതും ആണെന്നാണല്ലോ സമൂഹം ധരിച്ചു വെച്ചിരിക്കുന്നത് .അത് കൊണ്ടാവണം ഒരാൺകുട്ടി പത്തു

കൊല്ലത്തിനു ശേഷം എന്താകുമെന്ന് അധ്യാപകന് പറയാൻ കഴിയാത്തതും പെൺകുട്ടി മൂന്നു വർഷത്തിനുള്ളിൽ തന്നെ ഏതു സ്ഥിതിയിസാകുമെന്ന് പ്രവചിക്കുന്നതും .



• അവളുടെ അതിരുകൾ പണ്ടേക്കു പണ്ടേ നിർണയിക്കപ്പെട്ടതാണ് .
എവിടെയായാലും ആണിന് ഒരു പടി താഴെ മാത്രമാണ് തന്റെ സ്ഥാനം എന്നുള്ളത് കാലങ്ങളായി അവളുടെ മനസ്സിൽ അടിയുറച്ചു പോയ ഒരു “മൂല്യബോധമാണ് “.

• എവിടെയാണ് ഞങ്ങളുടെ സ്വാതന്ത്ര്യം നിങ്ങളുടെ അരാജകത്വമായി മാറുന്നത് ?

• ആണും പെണ്ണും അടുത്തടുത്തിരുന്നാൽ ഉടനടി അവിടെ തുണിയുരിയപ്പെടുമെന്നും ഗർഭധാരണം നടക്കുമെന്നും ആര് പഠിപ്പിച്ചു തന്നു നിങ്ങൾക്ക് ?

• ആൺപെൺ സൌഹൃദത്തിന്റെ അവസാന വാക്ക് പ്രേമം മാത്രമാണെന്ന് വാദിക്കുന്നത് എതനുഭവത്തിന്റെ വെളിച്ചത്തിലാണ് ?
ആൺ സുഹൃത്തുക്കൾ വിശ്വസിക്കാൻ കൊള്ളാത്ത കാമ ഭ്രാന്തന്മാരന് എന്ന് തോന്നുന്നത് നിങ്ങൾ വളർത്തിയ ,നിങ്ങൾ വിദ്യാഭ്യാസം നല്കിയ ഒരാൺതലമുറയെ ഉദ്ധരിച്ചാണോ ?

• ഞങ്ങൾക്കറിയാം പറഞ്ഞത് പലതും അവിശ്വസനീയമോ അംഗീകരിക്കാൻ പ്രയാസമുള്ളതോ ആയ് തോന്നിയേക്കാമെന്ന് .. പലപ്പോഴും ഇവ ശ്രദ്ധിക്കാതെ പോകുന്നതാണ് അതിനു കാരണം ..പഠനത്തിൽ പിന്നോക്കമായവരോ ,പഠിക്കാൻ മാത്രമായി വരുന്നവരോ , പൊതുവിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരോ അല്ലെങ്കിൽ നിർവചിക്കപ്പെട്ട സൗന്ദര്യസങ്കല്പങ്ങൾക്ക് പാകമാകാതെ ഒളിച്ചിരിക്കുന്നവരോ ആയ പെൺകുട്ടികൾ,അവരാണ് ഇരകൾ .സ്വയം സംസാരിക്കാത്ത അവരുടെ പ്രശ്നങ്ങൾ നാം അറിയാറില്ല .മറ്റൊരു ഭാഗത്ത് ഈ സാഹചര്യങ്ങളൊക്കെയാണ് അവരെ നിശബ്ദരാക്കിയതും എന്ന് വിസ്മരിക്കരുത് .ഇനി ചില സംശയങ്ങളാണ് ,




---

തയ്യാറാക്കിയത് : യുവസമിതി ചങ്ങാതിമാരായ ആദില കബീർ, ശരണ്യ എന്നിവർ / വര : മാനസ

# ഇവൾ/ഇവന്റെ ചങ്ങാതിയാണ്

ഇവൾ/ഇവൻ എന്റെ സുഹൃത്താണ് എന്ന് പറയാൻ സാധ്യമാകാത്ത നിലയിൽ ആൺപെൺ സൗഹൃദത്തിന്റെ അതിർത്തി കൃത്യമായി നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അങ്ങനെയാണ് സൗഹൃദത്തിന് പെങ്ങൾ പോലെ (കൂടപ്പിറപ്പ്), കുടുംബത്തിലെ ആരോ ഒരാൾപോലെ തുടങ്ങിയ "പദവി"കൾ നൽകുന്നത്.

ഒരു ജനാധിപത്യ ഇടത്തെ അംഗീകരിക്കാതിരിക്കനുള്ള തന്ത്രമാണ് ഇത്. ആണും പെണ്ണും ഇടകലരുന്നതിനെ മതം, അധികാരം എന്നിവ ഭയക്കുന്നുണ്ട്. കുടുംബമെന്ന അധികാര പ്രയോഗത്തിനകത്തേക്ക് ഓരോ സൗഹൃദവും പറിച്ചു നടേണ്ടത് വ്യവസ്ഥയുടെ ആവശ്യമാണ്. കുടുംബമെന്ന സ്ഥാപനത്തെ തൊടാതെയും ഒരു പോറലുമേൽക്കാതെയും നടത്തുന്ന ഇത്തരം ശ്രമങ്ങൾ പുരുഷാധിപത്യ വ്യവസ്ഥയെ ദൃഢീകരിക്കാനുള്ളതായി വേണം കാണാൻ.

ലോകത്തിന്റെ ഗതിയെ മാറ്റിമറിച്ച വിപ്ലവങ്ങളുടെയെല്ലാം ആണിക്കല്ല് കൂട്ടായ്മകാളാണ്. കൂട്ടംകൂടാൻ അനുവധിക്കാതിരിക്കുകയെന്നത് അധികാരം അവളുടെ മേൽ നടത്തുന്ന മർദ്ദനമാണ്. ചോദ്യങ്ങളേ എല്ലായ്പോഴും അധികാരം ഭയപ്പെട്ടിരുന്നു. ചോദ്യങ്ങളുടെ വേരറുത്താണ് "ജനാധിപത്യത്തിന്റെ" ഈ വസന്തകാലത്തും സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങൾ നഷ്ടമാകുന്നത്.

ആണിനും പെണ്ണിനും ഒരുമിച്ച് യാത്രചെയ്യാനാവാത്ത സാദാചാര ഭീമന്മാരുടെ ഈ വല്ലാത്ത കാലത്ത് ലിംഗ സമത്വത്തിന്റെ  രാഷ്ട്രീയം ഉറക്കെ പറയേണ്ടതും ചെയ്യേണ്ടതുമാണ്

**വ്യവസ്ഥകൾക്കെതിരായ പുതിയ പാട്ടുകളുമായി... കിനാവുപോലെ ഒരു കാലം വരുന്നുണ്ട്...**



# പെൺ ബുദ്ധി

പക്ഷേ, പെൺപള്ളിക്കൂടത്തിന് വല്ലാത്തൊരു തരക്കേടുമെന്ന് വിലാസിനി കണ്ടു. പഠിക്കാൻ മിടുക്കരെയാണ് അദ്ധ്യാപകമാർക്കേറ്റവുമിഷ്ടം. പൊതുവിൽ അദ്ധ്യാപികമർക്ക് അങ്ങനെയല്ല. കുട്ടിയുടെ അച്ഛന്റെ ഉദ്യോഗം, ആഭരണം, സൗന്ദര്യം, ഇതിലൊക്കെയാണ് ആദ്യത്തെ നോട്ടം. ബുദ്ധിശക്തിക്കും പഠന സാമർത്ഥ്യത്തിനും രണ്ടാം സ്ഥാനമേയൊള്ളൂ. വിദ്യാർത്ഥിനികളും അങ്ങനെതന്നെ. കാണാൻ ചന്തമുള്ള, മോടിയായി അണിഞ്ഞൊരുങ്ങുന്ന, അധ്യാപികയോടാണ് അവർക്ക് കൂടുതൽ ആദരവും സ്നേഹവും.

വിലാസിനി നിസ്സാര ഭാവത്തിൽ ചിരിച്ചല്ലാതെ ഒന്നും മിണ്ടിയില്ല്ല. വിജയൽക്ഷ്മി പറഞ്ഞു. "ചിരിക്കണ്ട; ചിരിക്കാനുള്ള കാര്യമല്ല ഇത്. സമൂഹത്തിനോടും വീടിനോടും ആചാരങ്ങളോടും സ്ത്രീ ശക്തിയായി കെട്ടിപ്പിണഞ്ഞ് കിടക്കുകയാണ്. പുരുഷനങ്ങനെയല്ലാതാനും. അതുകൊണ്ട് വ്യക്തി എന്ന നിലയിൽ ഉയരാനിടം കൊടുക്കുന്ന പ്രേരിപ്പിക്കുന്ന തീഷ്ണബുദ്ധി, സ്ത്രീകൾക്ക് അനാവശ്യം മാത്രമല്ല ഉപദ്രവും കൂടിയാണ് അവനവനും അന്യർക്കും."

ഒരു പക്ഷേ വളറെ ഉയർന്ന സാംസ്കാരിക മണ്ഢലത്തിൽ ജനിച്ചാൽ..."

എവിടെ ജനിച്ചാലും സ്ത്രീക്ക് ബുദ്ധി വേണ്ടെന്നും ഇല്ലെന്നും ഉള്ള വിശ്വാസം ഉറച്ചുപോയി. ഗൃഹഭരണം, പരദൂഷണം, വേഷാലങ്കരണം ഇതിനൊക്കെ എന്തു ബുദ്ധി വേണം? തലച്ചോറുള്ള സ്ത്രീ, നിയമമല്ല, അപവാദമാണ്."

(1951 ൽ കെ.സരസ്വതിയമ്മ എഴുതിയ പെൺബുദ്ധി എന്ന കഥയിൽ നിന്നും അടർത്തിയെടുത്ത ഏതാനും വരികൾ. കടപ്പാട്: ഗ്രന്ഥാലോകം ജനുവരി 2013)

**സമൂഹത്തിനോടും വീടിനോടും ആചാരങ്ങളോടും സ്ത്രീ ശക്തിയായി കെട്ടിപ്പിണഞ്ഞ് കിടക്കുകയാണ്. പുരുഷനങ്ങനെയല്ലാതാനും. അതുകൊണ്ട് വ്യക്തി എന്ന നിലയിൽ ഉയരാനിടം കൊടുക്കുന്ന പ്രേരിപ്പിക്കുന്ന തീഷ്ണബുദ്ധി, സ്ത്രീകൾക്ക് അനാവശ്യം മാത്രമല്ല ഉപദ്രവും കൂടിയാണ് അവനവനും അന്യർക്കും.ë**

# സൈബറിടത്തിലെ സ്ത്രീ വിരുദ്ധത

അനസ്റ്റസ്




സൈബർ ലോകം തുറന്നിട്ടുതന്ന പൊതുഇടമാണ് സോഷ്യൽ നെറ്റ്‌വർക്കിങ്ങ് സൈറ്റുകൾ. ആധുനിക പൊതു ഇടങ്ങളിൽ ഒന്ന്. ഒരു സ്ത്രീക്ക് (സ്ത്രീ പ്രശനത്തിലൂന്നിയ ഒരു ലേഖനമായതുകൊണ്ടാണ് സ്ത്രീയെ മാത്രം പരാമർശിക്കുന്നത്) സദാചാരാക്കാരന്റെയോ മതമൗലിക വാദികളുടെയോ നോട്ടങ്ങളെ ഒരു ബ്ലോക്ക് കൊണ്ട് ഇടിച്ചു തെറിപ്പിച്ചു മുന്നേറാൻ സാധിക്കുന്ന സ്ഥലം. പെൺആൺ വേർതിരിവില്ലാതെ സൗഹൃദ ബന്ധങ്ങൾ സ്ഥാപിക്കാൻ പറ്റുന്നിടം. തന്റെ സ്വപ്നങ്ങൾ ലോകത്തോട് വിളിച്ചുപറയാൻ പറ്റുന്നിടം. തന്റെ ആവിഷ്കാരങ്ങളെ കെട്ടഴിച്ചുവിടാൻ പറ്റുന്നിടം. ഇത്തരത്തിലുള്ള നിരവധി സാധ്യതകളുടെ മാധ്യമമായ സോഷ്യൽ നെറ്റ്‌വർക്കിങ്ങ് സൈറ്റുകളിലെ സ്ത്രീകളുടെ അസ്വാതന്ത്ര്യത്തെ വിലക്കുന്ന പൊതുബോധത്തെ സ്ത്രീ പദവി പ്രശ്നത്തെ പഠിക്കുമ്പോൾ നാം കണ്ടില്ലെന്നു നടിക്കരുത്. സ്ത്രീകൾ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നതിലും ഉപയോഗിക്കുന്ന സ്ത്രീകളിലെ സ്വന്തം ഫോട്ടോ ഇടാൻ സാധിക്കാത്തതിലേയും അസ്വാതന്ത്ര്യത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്. കേരളത്തിലെ സ്ത്രീകൾക്ക് ഫേസ്ബുക്ക്, ഗൂഗിൾ+, മൈസ്പേസ് തുടങ്ങിയ പ്രസിദ്ധ സോഷ്യൽ മീഡിയകളിൽ ഫോട്ടോ ഇടാൻ ഇപ്പോഴും പേടിയാണ്. ഒട്ടുമിക്ക സ്ത്രീകളുടെയും പ്രൊഫൈൽ ഫോട്ടോ ഒരു പൂവോ, അല്ലങ്കിൽ ഒരു കൊച്ചുകുട്ടിയോ, അതുമല്ലങ്കിൽ തന്റെ പുറം തിരിഞ്ഞു

നിൽകുന്നതോ മുഖം പാതി മറച്ചതോ ആയിരിക്കും. Virtualizers Indiaയുടെ 2013 ഓഗസ്റ്റ് മാസത്തിലെ കണക്കു പ്രകാരം വനിതാ സോഷ്യൽ മീഡിയ ഉപഭോക്താക്കളിൽ 78%വും സ്വന്തം ഫോട്ടോ പ്രൊഫൈൽ ഫോട്ടോ ആക്കാത്തവരാണ്. "ഫോട്ടോ പ്രദർശിപ്പിച്ചാൽ ചിലരത് ദുരുപയോഗം ചെയ്യും. അതായത്, ഫോട്ടോ മോർഫ് ചെയ്ത് നഗ്നയായിട്ടുള്ള ഫോട്ടോ ഉണ്ടാക്കി വിലപേശുകയോ ലൈംഗിക ചൂഷണത്തിന് ഇരയാക്കുകയോ ചെയ്യു"മെന്നാണ് പല സ്ത്രീകളും കാരണമായി പറയുന്നത്. അങ്ങനെ സംഭവിക്കാനും സാധ്യതയുണ്ട്. അതുകൊണ്ട്, സോഷ്യൽ മീഡിയ ഉപയോഗിക്കാതിരിക്കാം. ഉപയോഗിക്കൽ നിർബന്ധമാണെങ്കിൽ ഫോട്ടോ ഇടാതിരിക്കാം. അതായത്, ലൈംഗികാതിക്രമങ്ങൾ ഒഴിവാക്കാനായി വീട്ടിൽ ഒതുങ്ങി ജീവിക്കാം. ഇനി പുറത്തിറങ്ങൽ നിർബന്ധമാണെങ്കിൽ പർദ്ദയിട്ടു നടക്കാം എന്നു പറയുന്നതു പോലെ. ഇന്റർനെറ്റിനെ ഇപ്പോഴും പൊതുസമൂഹം നോക്കിക്കാണുന്ന രീതിയെക്കൂടി ഈ പ്രശ്നത്തെ സമീപിക്കുമ്പോൾ പരിശോധിക്കേണ്ടതുണ്ട്. ഇന്റർനെറ്റിന്റേയും മൊബൈൽ ഫോണിന്റെയും വ്യാപനത്തോടൊപ്പം തഴച്ചു വളർന്ന പോർണോഗ്രാഫി കാരണം ഇന്റർനെറ്റിനെക്കുറിച്ച് സമൂഹത്തിലൊരു മോശം അഭിപ്രായമുണ്ട്. തീർച്ചയായും ചരിത്രത്തിന്റെ ഘടികാരത്തിൽ മുമ്പില്ലാത്ത വിധം പോർണോഗ്രാഫിയുടെ വ്യാപനത്തിന് ഇന്റർനെറ്റും മൊബൈൽ ടെക്നോളജികളും വഴിയൊരുക്കിയിട്ടുണ്ടാവാം. പക്ഷേ അതിനർത്ഥം സൈബർ ഇടമാണ് പോർണോഗ്രാഫിയുടെ കാരണമെന്നല്ല. ഒരു പോൺ വീഡിയോയുടെ സൈബറിടത്തിലെ വ്യാപനത്തിന് മുമ്പുള്ള അതിന്റെ ഉൽപ്പാദനവും അത്തരമൊരു ഉൽപ്പാദനത്തിലേക്ക് നയിക്കുന്ന സാമൂഹിക ഭൗതിക സാഹചര്യങ്ങളെയുമാണ് നാം തിരിച്ചറിയേണ്ടത്. അല്ലാത്ത പക്ഷം ടെക്നോളജിയുടെ സാധ്യതകളെ അയക്കുന്ന യാദാസ്ഥിക, അൽപത്ത വീക്ഷണങ്ങളെ പ്രോത്സാഹിപ്പിക്കലായിരിക്കുമത്. ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ഭീഷണികളെപ്പറ്റിയുള്ള ജനപ്രിയ സിനിമകളും (ദൃശ്യം എന്ന സിനിമ ഒടുവിലത്തെ ഉദാഹരണം) മറ്റും ഇത്തരം യാഥാസ്ഥിക ബോധത്തിന്റെ തെളിവുകളാണ്. പറഞ്ഞു വന്നത്, സമൂഹത്തിന്റെ ഈ പൊതുബോധവും സ്ത്രീയെ പൊതുഇടങ്ങളിൽ നിന്നൊക്കെ വിലക്കുന്ന മതമൗലിക വാദികളുടെയുമൊക്കെ മനപ്പൂർവ്വവുമായ ചില കരുനീക്കങ്ങളുമാണ് സോഷ്യൽ മീഡിയകളിലെ സ്ത്രീയുടെ അസ്വാതന്ത്ര്യത്തിന് കാരണം. ഏതെങ്കിലും തരത്തിൽ ആരെങ്കിലും ശല്യപ്പെടുത്താനോ ഉപദ്രവിക്കാനോ ശ്രമിച്ചാൽ തീർച്ചയായും കുറ്റവാളികളെ പിടിക്കാൻ സാധിക്കും സൈബർ ഇടത്തിൽ. ഈ യാഥാർത്ഥ്യത്തെ അധികനാൾ മറച്ചുവെക്കാൻ സമ്മതിക്കരുത്. സ്വാതന്ത്ര്യത്തിന്റെ പെൺതിര ആഞ്ഞുവീശേണ്ടത് ഇവിടംകൂടിയാണ്.

**ഒട്ടുമിക്ക സ്ത്രീകളുടെയും പ്രൊഫൈൽ ഫോട്ടോ ഒരു പൂവോ, അല്ലങ്കിൽ ഒരു കൊച്ചുകുട്ടിയോ, അതുമല്ലങ്കിൽ തന്റെ പുറം തിരിഞ്ഞു നിൽകുന്നതോ മുഖം പാതി മറച്ചതോ ആയിരിക്കും.**

# ആർത്തവവും പ്രസവവും പെണ്ണിന്റെ പരിമിതിയാണോ?

ഇവ രണ്ടും പ്രത്യുല്പാദനത്തിനുവേണ്ടിയാണ്. പ്രത്യുല്പാദനം നടക്കണമെങ്കിൽ ആണും പെണ്ണും വേണം. മനുഷ്യന്റെ ജീവിത ലക്ഷ്യത്തിൽ ഒന്നായ വംശവർദ്ദനവിന് ഒഴിച്ചുകൂടാനാവാത്ത ആർത്തവവും പ്രസവവും അപ്പോൾ ആണിന്റേകൂടിയല്ലേ?
അപ്പോൾ അതെങ്ങനെ പെണ്ണിന്റെ മാത്രം പരിമിതിയാകും?
അതൊരു പരിമിതിയാണെങ്കിൽ അത് ആണിന്റേയും പെണ്ണിന്റേയും പരിമിതിയാണ്.
നേട്ടമാണെങ്കിൽ അതും ആണിന്റേയും പെണ്ണിന്റേയുമാണ്. അല്ലേ?

# പെൺപിറവി

ഇന്നേ വരെയുള്ള ചരിത്രം his-story ആയിരുന്നു. അവനെഴുതിയ അവനെകുറിച്ചുള്ള ചരിത്രം. രാജാക്കന്മാരെ, യുദ്ധങ്ങളെ, പിടിച്ചടക്കലുകളെക്കുറിച്ചുള്ള ചരിത്രം. ഇന്നേവരെയുള്ള അധികാരത്തിന്റെ ഭാഷ പുരുഷന്റേതാണ്. അതിനെക്കുറിക്കുന്ന പദാവലികളാണ് ഉടനീളം. അവൾക്ക് പറയാനുള്ളാത് വേറെയാണ്. അതു പിടിച്ചടകക്ലുകളിൽ മുറിവേറ്റവളെക്കുറുച്ചുള്ളതാണ്. എഴ്ഗുതപ്പെട്ടവയിൽ നിന്ന് തിരസ്കൃതമായവയെപ്പറ്റി... അധികാര കൈമാറ്റങ്ങളും തിരഞ്ഞെടുപ്പുകളും അരങ്ങുതകർക്കുമ്പോഴും അകത്ത ഇരുട്ടിലിരുത്തപ്പെട്ടവളെപ്പറ്റി...

"എനിക്ക് ചോളമണികളായ് പൊട്ടി
വിടരാൻ കുറച്ചു പൊരിവെയില് തരൂ"
കവിതയുടെ പെൺവഴികളിൽ ഡോണോ മയൂര എന്ന പുതുകവി ആവശ്യപ്പെടുന്നത് ഇത്തരമൊരു പൊരിവെയിലാണ്.

"അവളെ"ഴുതുമ്പോൾ നിലവിലുള്ള ഭാഷകൊണ്ട് തികയാതെ വരുന്നു. പുതിയ അനുഭവങ്ങളുടെയും അനുഭൂതികളുടെയും പശ്ചാതലത്തിൽ "അവൾക്ക് തുറന്ന് കിട്ടേണ്ടതുറസ്സിനെയാണ് അന്വേഷിക്കുന്നത്.

'""എനിക്ക് പറയാനുള്ളത് ഒരു സമുദ്രമാണ്
അതിനെ എങ്ങനെ വാക്കുകളിൽ ഒതുക്കും"
എന്ന വിജയലക്ഷ്മിയുടെ കവിത നമ്മുടെ ഭാഷയിൽ പെണ്മയുടെ അനുഭവാവിഷ്കാരങ്ങൾ ഇനിയും വരാനിരിക്കുന്നതേയുള്ളൂ എന്ന് ഓർമ്മപ്പെടുത്തുന്നു.,
"ഏറെക്കാലമായല്ലോ നീ സമുദ്രത്തെ തളക്കാൻ തുടങ്ങിയിട്ട്,
കയ്യിലെ കത്തുന്ന വാള് ഇനി എന്തിന്?
നീ കാണാത്ത പൂരങ്ങളില്ല,

കേൾക്കാത്ത പാടുകളില്ല,
പറക്കാത്ത ആകാശങ്ങളില്ല,
അറിയാനും പറയാനും
ഇനി നിനക്കെന്തുണ്ട് ബാക്കി?

നിനക്ക് വയസ്സായി
പക്ഷേ ഞാനിപ്പോൾ പിറന്നതേയുള്ളൂ
പറഞ്ഞു തുടങ്ങുന്നതേ ഉള്ളൂ
നടന്നുപഠിക്കുന്നതെയുള്ളൂ
ഇനി ഊഴം എന്റേതാണ്"
(ഗിരിജ പി. പാതെക്കരപെൺപിറവി)''

അധികാരം അവളുടേതുകൂടി ആകുമ്പോൾ അവൾ പറഞ്ഞും പ്രവർത്തിച്ചും തുടങ്ങുമ്പോൾ ഇന്നേ വരെയുള്ള പറച്ചിലിനെക്കാൾ ചെയ്തികളെക്കാൾ പുതുതും ആഴമുള്ളതുമായിരിക്കും അത്. മണ്ണിനോടും നിലനിൽപ്പിനോടും ഉള്ള നാം മനുഷ്യരുടെ സമീപനം പെണ്ണിന്റെ പുതു ഭാഷയ്ക്ക് മാറ്റാൻ കഴിഞ്ഞേക്കും. പാതിയാകാശത്തിനും പാതിഭൂമിക്കും പകുതി ചരിത്രത്തിനും ഉടമകളയവരെ ഉൾകൊള്ളുന്ന ആണും പെണ്ണും ഒരേപോലെ കൈകോർത്ത് ഉത്തരം തേടുന്ന ജീവിതാന്വേഷണങ്ങൾക്ക് / സമരങ്ങൾക്ക് ഇനിയുള്ള കാലത്തെങ്കിലും നമുക്ക ചെവിയോർക്കാം...
***ഇനി അവൾ പറയട്ടേ***

# നരജന്മം

ദേവിക

കാക്കകുട്ടിയായ് പിറന്നിരുന്നെങ്കിൽ..
താരങ്ങളൊക്കെയും ചുംബിച്ചെടുത്താ
വാനിന്റെ മാറിലൂടാടിയുലഞ്ഞ്
മോഹിച്ചതൊക്കെയും കൊക്കിലൊതുക്കി
തടവറക്കല്ലിനും ചിലമ്പിൻ കൊളുത്തിനും
ഉരുക്കിയുണ്ടാക്കിയ ബലങ്ങൾ തകർത്തും
അഴകില്ലായ്മയും അഴകായ ലോകത്ത്
പെണ്ണും ആണും ഒന്നായ രാജ്യത്ത്
കാതങ്ങളോളം കണ്ടറിഞ്ഞേനെ
ചിറകടിച്ചങ്ങനെ പറന്നുയർന്നേനെ..

പിന്നെ ഇവിടെയീ പടിപ്പുരക്കപ്പുറം
എന്തേ എനിക്കതന്യമായിപ്പോയ്..
അറിയില്ലയോ.. നീ മനുഷ്യനാണ്..
ലിംഗവും ജാതിയും മതവുമതോതി
കീറിമുറിക്കും കുലജാതരാണ്..

കവിത

# ഭയങ്കരസുഖം

നൂറ.വി

എനിക്കെന്തൊരു സുഖാണ്...

ഉമ്മ പെറ്റു
ഒത്താച്ചി മുടികളഞ്ഞു
വല്ലിമ്മ തീറ്റി
ടീച്ചർമാരും മാഷമ്മാരുംകൂടി
മാറിമാറി പഠിപ്പിച്ചു
ബാപ്പ കെട്ടിച്ചു
കെട്ട്യോൻ പുലർത്തി

എനിക്കെന്തൊരു സുഖാണ്...

പത്തിരി പൊറോട്ട കൽത്തപ്പം
തേങ്ങാച്ചോറ് നെയ്ച്ചോറ് ബിരിയാണി
കല്യാണം സൽക്കാരം പള്ളകാണൽ
കുഞ്ഞോളേ ഖൽബേ ഉമ്മച്ച്യേ

എനിക്കെന്തൊരു സുഖാണ്...
ഊരാൻ മറന്ന മൈലാഞ്ചി
ചുവന്നുചുവന്നു കറുത്തപ്പോഴാണറിഞ്ഞത്
തണൽകൊണ്ട് വിയർത്തുപോയെന്ന്
ഇരുന്നും കിടന്നും കാൽ കടഞ്ഞെന്ന്
തിന്നുതടിച്ച് ഉള്ളുമെലിഞ്ഞെന്ന്
തണുത്തുതണുത്ത് വാക്കിലെ കനൽ
കെട്ടുപോയെന്ന്

അതിനാലിവിടെ വന്നു
ഇത്തിരിനേരം
വെയിൽകൊള്ളാമെന്നുവച്ചു
കനൽ നിറച്ചു മടങ്ങാമെന്നും

എനിക്കെന്തൊരു സുഖാണ്...
ഭയങ്കരസുഖം.

മനില സി മോഹന്റെ ഫേസ്ബുക്ക് പോസ്റ്റ്

# ഉടുപ്പിലെ വിവേചനം

നന്ദൻ മാഷ് കോളേജിലേക്ക് വന്നത് ഒരു "ലേഡീസ് ബാഗ്"
ചുമലിൽ തൂക്കിയാണ്.
അയ്യേ.. ഇതെന്താ മാഷേ പെണ്ണുങ്ങൾടെ ബാഗും തൂക്കി
വന്നിരിക്കണേ?"

ഞങ്ങളെല്ലാം മാഷെ പരിഹസിച്ചു.

മാഷ് തിരിച്ചടിച്ചു..

ഓഹോ! ബാഗിലും ജെൻററുണ്ടോ?"

അന്നതിന്റെ തമാശ മാത്രമേ തിരിഞ്ഞുള്ളൂ. പക്ഷേ ഉറപ്പാണ്, പിന്നീട് എപ്പോഴും ലിംഗഭേദത്തിന്റെ സങ്കീർണതകളെക്കുറിച്ച് ആലോചിക്കുമ്പോഴൊക്കെ നന്ദൻ മാഷ് പറഞ്ഞ ബാഗിന്റെ ജെൻററില്ലായ്മയെക്കുറിച്ച് അറിയാതെ ചിന്തിച്ചിട്ടുണ്ട്.

ഏറ്റവും സൗകര്യപ്രദമായ വസ്ത്രം ധരിക്കുക എന്ന ലളിത യുക്തിയെ കൈവിട്ട് "പെണ്മ " കാത്തു സൂക്ഷിക്കേണ്ട നിർബന്ധിത ബാധ്യതയുള്ള വസ്ത്രങ്ങൾ കുഞ്ഞുങ്ങളിൽ മുതൽ പ്രായമായവരിൽ വരെ അടിച്ചേൽപ്പിക്കുന്നത് എന്തിനാണ് എന്നും ആലോചിച്ചിട്ടുണ്ട്. ഓരോ വ്യക്തിയുടേയും ശരീരപ്ര കൃതിയ്ക്കനുസരിച്ച വേഷങ്ങൾ തെരഞ്ഞെടുക്കുക എന്നതിനപ്പുറം വസ്ത്രം ഒരു ബാധ്യതയോ ഭാരമോ തലവേദനയോ ആകരുതല്ലോ ?

സ്കൂൾ യൂണിഫോമുകൾ ജെൻഡർ ന്യൂട്രലാക്കാൻ ബ്രിട്ടണിലെ 80 സ്കൂളുകൾ നയപരമായി തീരുമാനമെടുത്തിരിക്കുന്നു. എൽ.ജി. ബി.ടി. ക്യു, പെണ്ണ്, ആണ് വ്യത്യാസമില്ലാതെ പാവാടയോ ട്രൗസറോ എന്തും ധരിക്കാമെന്ന് ചുരുക്കം. വിപ്ലവകരമായ തീരുമാനമാണിത്. നമ്മുടെ സ്കൂളുകൾക്ക് സ്വീകരിക്കാവുന്ന മാതൃക . സ്കൂൾ വസ്ത്രത്തിന്റെ ജന്റർ ന്യൂട്രാലിറ്റി , ലൈംഗിക വിദ്യാഭ്യാസത്തിന്റെ ആദ്യപടി തന്നെയാണ്.

വസ്ത്രത്തിലും പേഴ്സിലും ചെരിപ്പിലും കണ്ണടയിലും ബാഗിലും കുടയിലും തുടങ്ങി മൊബൈൽ ആക്സസറീസിൽ വരെ (മൊബൈൽ ഫോണിലില്ല) നമ്മൾ പെണ്ണിനെ നിർണ്ണയിച്ചിട്ടുണ്ട്.

സ്കൂൾ യൂണിഫോമിലെ ജെന്റർ ന്യൂട്രാലിറ്റി പെൺകുട്ടികളെ സംബന്ധിച്ച് ഒരു പുതിയ തുറവിയാണ്. ഇന്ത്യൻ, കേരള "പെൺ" വേഷങ്ങളേക്കാൾ സൗകര്യപ്രദമാണ് "ആൺ" വേഷങ്ങൾ എന്ന തിരിച്ചറിവുണ്ടാക്കും അത്. സൗകര്യപ്രദമായ "പെൺ " വേഷങ്ങൾ ഇതര ലിംഗർക്കും

മനില സി മോഹന്റെ ഫേസ്ബുക്ക് പോസ്റ്റ്

# എഴുതുന്ന പെൺകുട്ടി

കവിതയെഴുതിയിരുന്ന, കഥയെഴുതിയിരുന്ന, സ്കൂളിലെ മാഗസിൻ എഡിറ്ററായിരുന്ന, പ്ലസ് ടുകാരി പെൺകുട്ടി നന്ദന, മുവാറ്റുപുഴയിൽ ആത്മഹത്യ ചെയ്തിരിക്കുന്നു. നന്ദനയുടെ ബാഗിൽ നിന്ന് നന്ദനയുടെ സമ്മതമില്ലാതെ സ്കൂൾ അധികാരികൾ, അധ്യാപകർ ഒരു കുറിപ്പ് കട്ടെടുക്കുന്നു. കട്ടെടുത്ത കുറിപ്പിലെ ഉള്ളടക്കത്തിന്റെ പേരിൽ നന്ദനയെ പരസ്യമായി ആക്ഷേപിക്കുന്നു. അപമാനിക്കുന്നു. അപമാനഭാരത്താൽ നന്ദന എന്ന എഴുത്തുകാരി, വിദ്യാർത്ഥി സ്വയം തീ കൊളുത്തി മരിക്കുന്നു.
ഒരാൾ, ഇവിടെ അത് ഒരു പെൺകുട്ടിയാണ്  തന്റെ സ്വകാര്യതയിൽ എഴുതി വെച്ച വാക്കുകളെ മോഷ്ടിക്കാൻ ആർക്കാണ് അധികാരമുള്ളത്?

എഴുതുന്ന പെൺകുട്ടികളെ ശ്രദ്ധിച്ചിട്ടുണ്ടോ? ആനുകാലികങ്ങളിലെ കുട്ടികളുടെ പംക്തികൾ ? അധികവും പെൺകുട്ടികളായിരിക്കും. കോളേജിലും സ്കൂളുകളിലുമൊക്കെ കവിതയ്ക്കും കഥയ്ക്കുമൊക്കെ സമ്മാനം കിട്ടുന്നതും അധികവും പെൺകുട്ടികൾക്കായിരിക്കും.

പിന്നീടിവർ എവിടേയ്ക്ക് പോകുന്നു?

അറിയില്ല.

ചിലപ്പോൾ എഴുതാനുള്ള സമയം കിട്ടുന്നുണ്ടാവില്ല. ചിലപ്പോൾ ഇരുന്നെഴുതാൻ സ്വകാര്യമായ ഒരു സ്ഥലം കിട്ടാത്തതായിരിക്കും. എഴുതിയത് സൂക്ഷിച്ചു വെക്കാൻ ഒരു മേശവലിപ്പ്, അല്ലെങ്കിൽ പൂട്ടിവെയ്ക്കാൻ പറ്റുന്ന ഒരു പെട്ടി ഇല്ലാഞ്ഞിട്ടായിരിക്കും. പൂട്ടി വെച്ചില്ലെങ്കിൽ മോഷ്ടിക്കപ്പെടുകയും കുരിശിലേറ്റപ്പെടുകയും ചെയ്യുന്ന എഴുത്തുകളാണ് തങ്ങളുടേതെന്ന് ഓരോ പെൺകുട്ടിയും സ്വയം അറിയുന്നുണ്ട്.

പെൺകുട്ടികളെഴുതുന്ന വാക്കുകൾക്ക് മൂർച്ച കൂടും. പുറംലോകത്തിന് സങ്കല്പിക്കാനാവില്ല അത്. ഒന്നുകിൽ അവർ എഴുതാതിരിക്കും. അല്ലെങ്കിൽ ഒളിച്ചുവെയ്ക്കും. അതൊന്നും മോഷ്ടിക്കാൻ നിൽക്കരുത്. പെൺകുട്ടികളെഴുതുന്ന വാക്കുകളെ മനസ്സിലാക്കാൻ ഇനിയും നമ്മൾ പാകപ്പെട്ടിട്ടില്ല.

മോഷ്ടിച്ചെടുത്ത വാക്കുകളുടെ പേരിൽ പെൺകുട്ടികളെ വിധിക്കുകയും ചെയ്യരുത്. അവരുടെ മറുപടികൾ താങ്ങാനും നമ്മൾ പാകപ്പെട്ടിട്ടില്ല.

നന്ദനയുടെ മറുപടിയുടെ അർത്ഥം പോലും നമുക്കിനിയും മനസ്സിലായിട്ടില്ലല്ലോ?

(മനില സി മോഹന്റെ ഫേസ്ബുക്ക് പോസ്റ്റ് )

# ‘ബത്തക്ക” കലാലയ മാഗസിനുകളെ സർഗാത്മകമായി പുതുക്കുന്നതിനുള്ള കൂട്ടിരുത്തം

യുവസമിതിയുടെ നേതൃത്വത്തിൽ കലാലയ മാഗസിനുകളെ സർഗാത്മകമായി പുതുക്കുന്നതിനുള്ള കൂട്ടിരുത്തം “ബത്തക്ക“ ത്രിദിന ക്യാമ്പ് എം ഇ എസ് മമ്പാട് കോളേജിൽ സംഘടിപ്പിച്ചു. നവംബർ 18 വെള്ളിയാഴ്ച്ച തുടങ്ങിയ ക്യാമ്പ് 20 ഞായർ വൈകിട്ട് അവസാനിച്ചു. 32 കലാലയങ്ങളിൽ നിന്നായി 74 വിദ്യാർഥികൾ പങ്കെടുത്തു. എം ഇ എസ് കോളേജ് മലയാളം വേദിയുടെ സഹകരത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്.
മാഗസിനുകളുടെ ഉള്ളടക്കം എന്ന വിഷയത്തിൽ കിരൺ പോൾ, പെണ്ണിന്റെ ക്യാംപസും ക്യാംപസ് മാഗസിനുകളുടെ പെൺപക്ഷവും എന്ന എന്ന വിഷയത്തിൽ “ ചാരുലത, മൈന ഉമൈബാൻ, സുൽഫത്ത് ടീച്ചർ എന്നിവരും സംസാരിച്ചു. മാഗസിന്റെ കെട്ടും മട്ടും എന്ന വിഷയത്തിൽ, ബിബിൻ, ശ്രീജിത്ത് പുത്തകം, പ്രജുൽ അമൻ, നസീം മന്നിയിൽ, താജു ബക്കർ, ഷിഫ എന്നിവരും മാഗസിൻ സർഗാത്മകത വിഷയത്തിൽ സോബിൻ മഴ വീടും നിരോധനങ്ങളുടെ കാലത്തെ കോളേജ് മാഗസിൻ ബിൻസി ബാസ്ക്കർ, കലാലയ മാഗസിൻ ഓൺലൈൻ സാധ്യതകൾ എന്ന വിഷയത്തിൽ മുജീബ് റഹ്മാൻ എന്നിവർ വിഷയാവതരണങ്ങൾ നടത്തി. തുടർന്ന് റജി കുമാറിന്റെ മ്യൂസിക്ക് ബാന്റ് white house അരങ്ങേറി. 20ന് ഞായർ ലിറ്റിൽ മാസിക (അബ്ദുള്ളക്കുട്ടി എടവണ്ണ, അഡ്വ. ബിജു ജോൺ, ലിബിൻ തത്തപ്പിള്ളി സംസാരിച്ചു. എഴുത്തിന്റെ രാഷ്ട്രീയം ശ്രീ ചിത്രൻ എം.ജെ . സംസാരിച്ചു. ചണ്ടി , തുണ്ടു കഥ , ഞങ്ങൾ ഇങ്ങനെയൊക്കെയാണ് ഭായ്, Black pepper ക്യാമ്പ് ന്റെ ഭാഗമായി പ്രകാശനം ചെയ്തു. 2016 ആഗസ്റ്റ് 27, 28 തിയ്യതികളിൽ നടന്ന നെയ്തൽ ജനാധിപത്യ കലാല യങ്ങളുടെ സർഗ സംവാദം എന്ന ക്യാമ്പിന്റെ തുടർച്ചയായി നടക്കുന്ന രണ്ടാമത് ക്യാമ്പാണ് മമ്പാട് കോളേജിൽ നടന്ന “ബത്തക്ക“ മാഗസിൻ ക്യാമ്പ്.



# ബത്തക്ക

ആഷിക്ക്.ടി

കാടും കടലും കടന്ന്
തീർത്തും അപരിചിതരായ
അവർ എത്തി
അവരിൽ
കറുത്തവരും
വെളുത്തവരുമുണ്ടായിരുന്നു..
അവരിൽ
പുലയനും,
പുലയാടികളും ഉണ്ടായിരുന്നു...
കഴുവേറികളെ പ്രണയിച്ച
ചെറ്റകളുണ്ടായിരുന്നു......
അവരിൽ തീണ്ടാരി
തുണിയേന്തിയ
പെണ്ണും....
പൂണൂലു കെട്ടിയ
ആണും ഉണ്ടായിരുന്നു....
അവർ കണ്ണുകൾ കൊണ്ട്
പ്രണയിക്കാൻ തുടങ്ങി,
പരസ്പരം കൈകോർത്തു പിടിക്കാൻ തുടങ്ങി......
അവർ അങ്ങനെ
അവരിലെ പുറത്തെ
പാറയെ പകത്തു മാറ്റി....
അവർ ഒന്നിച്ച്
അകത്തെ ചുവപ്പിന്റെ
മധുരത്തെ,
അധരങ്ങൾ കൊണ്ട് ചുമ്പിച്ചു.....
അവരാരും അശുദ്ധരായില്ല....
മധുരമല്ലാതെ മറ്റൊന്നും, അവരാരും തന്നെ
ഇതുവരെ രുചിച്ചറിഞ്ഞില്ല....

( യ്യ അൻവർ. ) (നവംബറിൽ നിലമ്പൂരിൽ വച്ച് നടന്ന ത്രിദിന ശില്പശാല)**

# നോക്കത്തും ദൂരത്ത് കണ്ണുംനട്ട്...


ആഷിക് ടി

“ഇന്റർവെൽ“ അർത്ഥം ഇടവേളയെന്ന്, സത്യത്തിൽ ക്ലാസിലേക്കാൾ ഒഴിവില്ലാത്ത സമയം....!
അതൊന്നും ചോദ്യം ചെയ്യാൻ പാടില്ല...മാവോയിസ്റ്റാവും !!!!

അതുകൊണ്ട് ഇന്റർവെൽ ഇന്റർവെല്ലായിരിക്കട്ടെ.
ഇന്റർവെല്ലിന് വരാന്തയിലൂടെ തട്ടമിട്ട ആമിനമാരും തട്ടമിടാത്ത ആമിന മാരും മൊഞ്ചമ്മാരും മാന്യദേഹങ്ങളും വന്നുപൊയ്ക്കൊണ്ടിരിക്കും.
എന്നാൽ അവരേക്കാളേറെ എന്നെ ശ്രദ്ധിക്കുന്നൊരാളുണ്ട്..
ഒറ്റക്കിരിക്കുമ്പൊഴും കൂട്ടായൊരാൾ...
നോക്കെത്തും ദൂരത്ത് കണ്ണും നട്ട്....
ആളെ അധികമാർക്കും ഇഷ്ടമല്ല...
വേറൊന്നും കൊണ്ടല്ല.ആള്ക്കൊരു ചീത്ത സ്വഭാവമുണ്ട്.ഈ ആൺപിള്ളേരും പെമ്പിള്ളേരും മിണ്ടേം പറഞ്ഞും ഇരിക്കുന്നത് അങ്ങനെയങ്ങ് പ്രിൻസിയോട് പറയും.(മനഃപൂർവമല്ല.ഭീഷണിപ്പെടുത്തി ചെയ്യിക്കുന്നതാ.)പിന്നെയതൊരു പ്രണയാക്കി വീട്ടാരെ ക്യാമ്പസിലെത്തിച്ച് കല്യാണം വരെ നടത്താൻ വല്ലാതെ ബുധിമുട്ടും പ്രിൻസി, മുടുക്കനാ...
എന്നാലും ഞാൻ കാണുമ്പൊഴൊക്കെ നന്നായി ചിരിക്കും....
ഇങ്ങോട്ടും അങ്ങനെ തന്നെയാണെന്ന് തോന്നുന്നു..
എന്നെ ഇത്രയേറെ കെയർ ചെയ്യുന്ന ആളല്ലേ...
ആരും കാണാതെ ഞാൻ പറക്കുന്ന ഉമ്മകൾ കൊടുക്കും (ആരെങ്കിലും കണ്ടാലും കൊടുക്കും..പിന്നെ ഇതൊക്കൊരു രസല്ലേ.?)
വല്യുമ്മമാര് പറയുമ്പോലെ“ആള് കാണാൻ വല്യ തെര്ക്കടില്ല..“
ഒറ്റക്കിരിക്കുമ്പോഴും അല്ലാത്തപ്പോഴും ഒരു കൂട്ടായി....ഒന്നും മിണ്ടാതെ...
എല്ലാം കാണുന്ന....എന്നേക്കാൾ എന്നെ കെയർ ചെയ്യുന്ന....
അയാളെക്കുറിച്ച് താഴെ എഴുതിയിരിക്കുന്നു.
‘നിങ്ങൾ CCTV നിരീക്ഷണത്തിലാണ്.‘

# കളിക്കളങ്ങളിലെ ആണാരവങ്ങൾ

## വേണം ലിംഗേതര മൈതാനങ്ങൾ




ഫെബ്രുവരി 10ന് മലപ്പുറത്ത് കേരളത്തിലാദ്യമായ്

വേനൽ കനക്കുന്നതോടെ മലപ്പുറത്തെ പാടങ്ങളിൽ കൊച്ചുകൊച്ചു സ്റ്റേഡിയങ്ങൾ ഉയരും. മുളന്തണ്ടും കമുകിൻ ചീളുകളും കൊണ്ട് കെട്ടിയുണ്ടാക്കിയ ഫ്ളഡ്‌ലിറ്റ് സ്റ്റേഡിയങ്ങൾ. പിന്നെ സെവൻസും ഇലവൻസുമായി മൈതാനത്ത് ഫുട്ബോൾ മാമാങ്കങ്ങൾ തുടങ്ങുകയായി. മഴയൊഴിഞ്ഞ കാലത്തെല്ലാം പഞ്ചായത്ത്, സ്കൂൾ മൈതാനങ്ങളിലും ഇത്തരം ടൂർണമെന്റുകൾ നടക്കും. മലപ്പുറത്ത് മാത്രമല്ല കേരളത്തിലെ ഒട്ടുമിക്ക ജില്ലകളിലും ഏറിയും കുറഞ്ഞും ഇത്തരം മത്സരങ്ങൾ നടക്കാറുണ്ട്. പത്തും അമ്പതും മുടക്കി കളികാണാനെത്തുന്നത് ആയിരങ്ങളാണ്. എന്നാൽ ഈ മൈതാനങ്ങളിലെല്ലാം കാണുക ആണാഘോഷത്തിന്റെ ആർപ്പുവിളികളാണ്. നാട്ടിൻപുറത്തിന്റെ കളിയിടങ്ങളിൽ പെൺപടയെ കാണാനേ കഴിയില്ല. ആവേശപ്പൊട്ടലിന്റെ കൂക്കുവിളിയുമായി ഗ്യാലറിയിൽ ഏറിയാൽ പത്തോ പതിനഞ്ചോ പേർ. അതും വമ്പൻ ടൂർണമെന്റുകളിൽ മാത്രം. ദേശീയമത്സരങ്ങൾ കാണാൻ മാത്രമാണ് കുറേപേരെങ്കിലും എത്തുക.

കളിക്കളത്തിൽനിന്ന് സ്ത്രീകൾ എങ്ങനെ മാറ്റിനിർത്തപ്പെടുന്നുവെന്ന് ചിന്തനീയമാണ്. പാതിരാവുകളിലെ സെവൻസ് മത്സരങ്ങൾ കാണാൻ രാത്രി നിഷേധിക്കപ്പെടുന്ന വർഗമെത്തില്ലെന്നത് ഒരു കാരണമാണ്. ഫുട്ബോൾ, ക്രിക്കറ്റ്, ഹോക്കി, വടംവലി എന്നിവയെല്ലാം വീരപരിവേഷമുള്ള പുരുഷന്മാരെ സൃഷ്ടിക്കുന്ന ഇടങ്ങളാണ്. ദേശീയതലത്തിലും അന്തർദേശീയതലത്തിലും അതിന് മാറ്റമില്ല. നമുക്ക് ഇന്ത്യൻ വനിതാ ഫുട്ബോൾ ടീമിലെ എത്ര അംഗങ്ങളുടെ പേരറിയും? കായികമത്സരങ്ങളോട് അത്ര താൽപ്പര്യമുള്ളവർക്ക് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ബാലാദേവി, കമലാദേവി എന്നിവരെ കുറിച്ചറിയുമായിരിക്കും. കേരളത്തിൽനിന്ന് ആരേയുമറിയില്ല! ക്രിക്കറ്റ്, ഹോക്കി എന്നിവയുടെ കാര്യത്തിലും തഥൈവ. ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളിലെയും

ദേശീയ ടീമുകളിലെയും അറിയപ്പെടുന്ന ക്ലബുകളിലേയും ആൺകളിക്കാരിൽ ഭൂരിഭാഗത്തേയും നമുക്കറിയാം. എന്നാൽ വനിതാ കളിക്കാരെക്കുറിച്ച് യാതൊന്നുമറിയില്ല. മാധ്യമങ്ങളിൽ ഏറിയപങ്കും അതിനെക്കുറിച്ച് പറയാറുമില്ല.

കളിക്കങ്ങളെ പടക്കളങ്ങളായാണ് കാണികൾ കാണുന്നത്. എതിരാളിയെ കരുത്തുകൊണ്ട് മുട്ട് കുത്തിക്കുന്നവർ വാഴ്ത്തപ്പെടുന്നു. പ്രതിരോധം, ആക്രമണം, വേഗത തുടങ്ങി കളിക്കളങ്ങൾ യുദ്ധസമാനാമാകുന്നു. ഇവിടെ സഹന പ്രതീകങ്ങളായ സ്ത്രീകൾക്ക് കാര്യമായൊന്നും ചെയ്യാനാകില്ലെന്ന് സമൂഹത്തിൽ വലിയൊരു വിഭാഗം കരുതുന്നുണ്ടാകാം. കായിക ശേഷിയിൽ അവർ പിന്നാക്കമാണെന്നാണല്ലോ സങ്കൽപ്പം. കായികക്ഷമത എത്രയുണ്ടെങ്കിലും സ്ത്രീയും പുരുഷനും ഉൾപ്പെടുന്ന ഫുട് ബോൾ, ക്രിക്കറ്റ് ടീമിനെ സങ്കൽപ്പിക്കാൻ നമുക്കാകുമോ? യുദ്ധത്തിലും വിപ്ലവത്തിലും കലാപത്തിലും മേൽകൈ നേടുകയും വാഴ്ത്തപ്പെടുകയും ചെയ്യുന്നത് പുരുഷന്മാരാകുമ്പോൾ അതേ മനോനിലയാണ് കളിക്കളത്തിലും അവർക്ക് മേൽക്കൈ നൽകുന്നത്. പൊതു ഇടങ്ങളിലെല്ലാം ആധിപത്യം സ്ഥാപിച്ചിട്ടുള്ള പുരുഷന് കളിക്കളങ്ങൾ കീഴടക്കാൻ വലിയ ബുദ്ധിമുട്ടുണ്ടായില്ല.

വ്യക്തിഗത പ്രകടനങ്ങളിൽ ലോകപ്രശസ്തരായ ചില വനിതകൾ നമുക്കുണ്ട്. സാനിയാ മിർസ, സൈന നെഹ്‌വാൾ, മേരി കോം, എലിസബത്ത് സൂസൻകോശി, കേരളത്തിൽ പി ടി ഉഷ, അഞ്ജു ബോബി ജോർജ്, മേഴ്സി കുട്ടൻ, പി യു ചിത്ര തുടങ്ങിയവർ. കളിക്കളത്തിലും ലോകമറിയപ്പെടുന്നവർ ഉണ്ടാകേണ്ടതുണ്ട്. പുരുഷനോടൊപ്പം തോളോടുതോൾ ചേർന്ന് മൈതാനങ്ങളിൽ പ്ര തിരോധത്തിന്റെയും മുന്നേറ്റത്തിന്റെയും ആരവങ്ങൾ തീർക്കാൻ കഴിയണം. രാത്രിയിൽ സുഹൃത്തിന്റെ ബൈക്കിന് പിന്നിലിരുന്ന് കളിക്കളങ്ങളിലെത്തി വുവുസേലയൂതാൻ എന്നാണ് വനിതകൾക്ക് കഴിയുക? വിസിൽ മുഴങ്ങുമ്പോൾ ആണിനൊപ്പം പന്തിനു പിന്നാലെ പായാൻ പെൺകാലുകൾക്കും വേഗതയുണ്ടാകണം. മുഴുവൻ മൈതാനവും അവർക്ക് അവകാശപ്പെട്ടതാണ്.

മലപ്പുറത്ത് സ്ക്രൈബ്സ് ചലച്ചിത്രോത്സവത്തിന്റെ ഭാഗമായി നടക്കുന്ന ജെന്റർ ന്യൂട്രൽ ഫുഡ്ബോൾ മത്സരം ഇത്തരമൊരു സമര ത്തിന്റെ തുടക്കമാണ്...

# സിനിമാങ്കിതം

സ്വാതി

നെയ്തൽ ത്രിദിന ചലചിത്രാസ്വാദന ശിൽപശാല കേരളത്തിലെ ക്യാമ്പസുകളെ സിനിമയെ സകല അർത്ഥത്തിലും തലത്തിലും നിന്നു കൊണ്ട് വായിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയത്. മധു ജനാർദനൻ ഡയറക്ടറായ ക്യാമ്പിൽ മമ്മദ് മൊണ്ടാഷ്, ഏ.ജ രാമചന്ദ്രൻ, സോണിയ ഇ പ, ഉ്യ ഗോപു, ഫാ ബെന്നി ബെനഡിക്റ്റ് തുടങ്ങിയവർ സംവദിച്ചു. കാസിൽ ചർച്ച ചെയ്യപ്പെട്ട നവ മാധ്യമ സംസ്കാരവും മലയാള സിനിമയിൽ പ്രവർത്തിക്കുന്ന ജനാധിപത്യ സംസ്കാരവും ക്യാമ്പസ് ഫിലിം സൊസൈറ്റികൾക്ക് സമൂഹത്തോട് ചെയ്യാനാകുന്ന ഉത്തരവാദിത്തവും നാളെയുടെ ചലച്ചിത്ര സാംസ്കാരിക രംഗത്തിനെ ചെറുതായെങ്കിലും അനക്കുമെന്ന് പ്രതീക്ഷിക്കാം
ക്യാമ്പിനകത്തെ ചലചിത്ര ഉത്സവത്തിൽ നടന്ന പ്രദർശനങ്ങളിൽ സംവിധായകരായ ഉണ്ണികൃഷ്ണൻ ആവളയും ഗിരീഷ് കുമാറും സംവദിച്ചു. "ആതിര.10.ര" എന്ന സിനിമ മാനസിക സംഘർഷത്തേയും ക്യാമറയേയും തീവ്രമായി ബന്ധപ്പെടുത്തിയ അവതരമാണ് "കരി" എന്ന സിനിമ ആചാരാനുഷ്ഠാനങ്ങൾ അബോധത്തിൽ പോലും ലയിച്ച സമൂഹത്തെ അനാവരണം ചെയ്യുമ്പോൾ " വിമെൻസസ്" എന്ന ഡോക്യൂമെന്ററി ആചാരാനുഷ്ഠാനങ്ങളിലെ ലിംഗനീതി ചോദ്യം ചെയ്യുന്നു.

പ്രദർശനങ്ങളിലെ ആനിമേഷൻ വീഡിയോകൾ ഡോക്യുമെന്ററിയും മ്യൂസിക് വീഡിയോയും ഹ്രസ്വചിത്രവും പോലെ തന്നെ അല്ലെങ്കിൽ അതിനേക്കാൾ അധികമായി കാഴ്ചക്കും ചിന്തക്കും കൗതുകക രമായി പരീക്ഷിക്കപ്പെട്ടു.ചലച്ചിത്ര സംഘാടനത്തിനേയും ചലച്ചിത്രാവബോധത്തേയും കൃത്യമായി സ്പർശിച്ചു കൊണ്ടുള്ള നെയ്തൽ ത്രിദിന ചലച്ചിത്രാസ്വാദന സംഘാടന ശില്പശാല ക്യാമ്പസുകളെ സിനിമയെ വായിപ്പിക്കാൻ സിനിമ കൊണ്ട് സമൂഹത്തെ പുതുക്കിപ്പണിയാൻ മുതൽക്കൂട്ടാകുമെന്ന ഉറപ്പ് ബ ലപ്പെടുന്നു.

# നെയ്തൽ ജനാധിപത്യ കലാലയങ്ങളുടെ സർഗാത്മക സംവാദം

കോളേജ് യൂണിയൻ, നാഷണൽ സർവീസ് സ്കീം, നേച്ചർ ക്ലബ്, ഫിലിം ക്ലബ്, ക്യാമ്പസ് ശാസ്ത്ര സമിതി, വിവിധ ഡിപ്പാർട്ട് മെന്റുകളിലെ അസോസിയേഷനുകൾ തുടങ്ങിയ ക്യാമ്പസിലെ വിവിധ ജനാധിപത്യവേദികളെ സർഗാത്മമായി പുതുക്കാനുള്ള കൂടിയാലോചനയായാണ് നെയ്തൽ ജനാധിപത്യ കലാല യങ്ങളുടെ സർഗാത്മക സംവാദം 2016 ആഗസ്റ്റ് 27, 28 നു പൊന്നാനി എം.ഇ.എസ്. കോളേജിൽ വെച്ച് സംഘടിപ്പിച്ചത്. മലപ്പുറം ജില്ലയിലെ 30 ക്യാംപസുകളിൽ നിന്നായി 200 ലേറെ വിദ്യാർത്ഥികൾ ക്യാംപിൽ പങ്കെടുത്തു. ജനാധിപത്യത്തെ സംബന്ധിച്ച തുറന്നതും വിശാലവുമായ ഒരു സംവാദപരിസരം ഒരുക്കുന്നതിനായിരുന്നു നെയ്തൽ ശ്രമിച്ചത്. ഈ പരിപാടിയിൽ, കേരള ക്യാംപസ് ചരിത്രത്തിലാദ്യമായി വിവിധ കാംപ സുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ കാംപസുകളിലെ ജനാധിപ ത്യപ വേദികളെ ക്രിയാത്മകമായി പുതുക്കിപ്പണിയുന്നതിന്റെ സജീവമായ ആലോചനകൾ നടത്തി.



# SCRIBES

## ശാസ്ത്രസാംസ്കാരികോത്സവം

## 2017 ഫെബ്രുവരി 10,11,12

**മലപ്പുറം**

**മലപ്പുറം അറിവിന്റെ അനുഭൂതിയുടെ ഉത്സവത്തിലേക്ക്**

# സ്ക്രൈബ്സ്

**രജിസ്ട്രേഷന് വിളിക്കുക 9633606920**

**സന്ദർശിക്കുക ഫേസ്ബുക്ക് പേജ് സ്ക്രൈബ്സ് ശാസ്ത്രസാംസ്കാരികോത്സവം**

# സകലലോകസ്നേഹം കുടനിവർത്തും സ്വപ്നവൃക്ഷം...

സാമാജ്യത്വം അവസാനിപ്പിക്കാനാവുന്നില്ലെങ്കിൽ, മാനവരാശിയെ ഇന്ന് ഭീഷണിപ്പെടുത്തുന്ന ദുരിതങ്ങളും കൂട്ടക്കൊലകളും തടയാനാവില്ല. യുദ്ധങ്ങൾഅവസാനിപ്പിച്ച് സാർവലൗകികസമാധാനത്തിന്റെ ഒരുപുതുയുഗത്തെ വരവേൽക്കുന്നതിനുള്ളഭാഷണങ്ങൾ മറയില്ലാത്ത കാപട്യം മാത്രമാകും. നാം സ്വപ്നം കാണുന്ന ആ സംയുക്തലോകം മാനവരാശിയെ മുതലാളിത്തത്തിന്റെബന്ധനത്തിൽ നിന്നും സാമ്രാജ്യയുദ്ധങ്ങളുടെ ദുരിതത്തിൽ നിന്നും കരകയറ്റുന്നതാകണം.

ഭഗത്സിംഗിന്റെ നേതൃത്വത്തിൽ 1928 ലെ ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ നടത്തിയ പ്രഖ്യാപനത്തിൽ നിന്നും ഉള്ള വരികളാണിത്.ഭഗത്സിഗിന്റേയും കൂട്ടാളികളുടേയും പ്ര വർത്തനങ്ങളും ആശയാകാശങ്ങളും തുറന്നിടുന്ന ഇർഫാൻ ഹബീബിന്റെ ബധിര കർണ്ണങ്ങൾ തുറക്കാൻ (To Make the deaf hear) എന്ന പുസ്തകം പുതിയകാലത്തോട് ആഴത്തിൽ സംവദിക്കുന്നുണ്ട്. ലോകം തന്നെ സാമ്രാജ്യത്വചൂഷണത്തിനുള്ള അതിരുകളില്ലാത്ത ചന്തയായ ഈ കാലത്തും മാനവ വിമോചനത്തിനായ് ആഴവേരും ഉയരെച്ചില്ലകളും ഉള്ള അതേസ്വപ്നതന്നെയാണ് "ഗത്സിംഗും കൂട്ടാളികളും നമ്മോട് പങ്കുവെക്കുന്നത്.

സഹോദരൻ അയപ്പൻറെ നേതൃത്വത്തിൽ ചെറായിയിൽ നടന്ന മിശ്ര ഭോജനത്തിൻറെ" നൂറാം വാർഷികമാണ് 2017. ഒക്ടോബർ വിപ്ലവത്തിൻറെയും ചമ്പാരൻ സ്ത്യാഗ്രഹതത്തിൻറെയും നൂറാം വാർഷികം കൂടിയാണ്. നവോത്ഥാനം കേരളത്തെ ഉണർത്തിയിരുന്നു. എല്ലാത്തരം അധികാരഘടനയെയും അത് ചോദ്യം ചെയ്തിരുന്നു. ന ിഷേധിച്ചിരുന്നു.കുത്തകയായിട്ടുള്ള മൂലധനം പിടിച്ചെടുക്കും പോലെ ജീവിക്കാനുള്ള അധികാരം പിടിച്ചെടുക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. അതാണ് പിന്നീട് അധികാരം കൊയ്യണം നാമാദ്യം അതിനു മേലാട്ടെ പൊന്നാര്യൻ എന്നതിലേക്ക് നമ്മെ എത്തിക്കുന്നത്.ഭൂപരിഷ് കരണം, കുടിക്കിടപ്പവകാശം ,വിദ്യാഭ്യാസ ആരോഗ്യ മേഖലയിലെ നേട്ടങ്ങൾ.നാമിന്നു നേടിയെടുത്ത എല്ലാം നവോത്ഥാനം ഉഴുതു മറിച്ച മണ്ണിൽ നിന്നുള്ള വിളവെടുപ്പുകളായിരുന്നു .അധികാരം സാമൂഹ്യ പാരമ്പര്യങ്ങളിൽ നിന്ന്, കുത്തകയാകി വെച്ച ആളുകളിൽ നിന്ന് മോചിപ്പിച്ച് ജനകീയമാക്കുക എന്നത് നവോത്ഥാനം നമുക്ക് തന്ന പാഠമാണ്. ഇരുപത് വർഷത്തിൽ ഏറെയായി കേരളത്തിൽ നടന്നു വരുന്ന ഏറ്റവും ശക്തമായ സാമൂഹിക പ്രക്രിയ മതവത്കരനമാണ്. അതിന്റെ സ്വഭാവം വ്യക്തികളുടെ മതബോധം ശക്തിപ്പെടുന്നു എന്നതോ കൂടുതൽ പേർ മതവിശ്വാസികളാകുന്നു എന്നതോ മാത്രമല്ല. മറിച്ച് പൊതു സമൂഹത്തെ മതവത്കരണം കീഴ്പെ ടുത്തുന്നു എന്നതാണ്. ഇതിനെ എതിരിടമെങ്കിൽ അയ്യങ്കാളി മുതൽ വിടി. വരെ നാരായണ ഗുരു സഹോദരൻ അയ്യപ്പൻ പണ്ഡിറ്റ്

കറുപ്പൻ , ബ്രഹ്മാനന്ദ ശിവയോഗി.കുമാരഗുരു , ഹലീമ ബീവി , പാർവതി നമ്മിനിമംഗലവു മൊക്കെ ഉള്ളടങ്ങുന്ന ഒരു സാംസ്കാരിക ചരിത്രബോധം നമുക്ക്  ഉയര്ത്തിപ്പിടിക്കാൻ ആവണം. നവോത്ഥാനത്തിന്റെ പിന്തുടർച്ചകളെ, കേരളത്തിന്റെ സാംസ്കാരിക ധാരയെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

അകലത്തിൽ ഞങ്ങടെ കാടും മലയും കത്തുമ്പോൾ

എല്ലാം എല്ലാരും കാണുന്നു

ഞങ്ങടെ ഉയിര് നീറി എറിയുമ്പോൾ ആരാരുമാരുമറിയുന്നില്ലല്ലോ

(ഒറയോൺ ആദിവാസി പാട്ട്  )

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് യുവസമിതിയുടെ നേതൃത്വത്തിൽ മലപ്പുറത്ത് വെച്ച് നടക്കുന്ന  ജനുവരി 13,14,15 തിയ്യതികളിലായി സ്ക്രൈബ്സ് ശാസ്ത്രസാംസ്കാരികോത്സവം മുന്നോട്ടുവെക്കുന്ന പുതിയ മാനവനെ കാഴ്ച്ചപ്പാട് ഇതിൻറെ തുടർച്ചയാണ്.   സാർവലൗകികതയുടെ മണ്ണിൽ തലനിവർത്തി അനന്തതയിലേക്ക് കൈയുയർത്തി നിൽക്കുന്ന വിശ്വമാനവൻ ഒരു സങ്കൽപ്പമല്ല. വായു, അന്തരീക്ഷം, വെയിൽ , വെള്ളം, ഋതുക്കൾ, എന്ന പോലെ....അതിർത്തികൾക്കും കമ്പോളത്തിനുമപ്പുറം നാം മനുഷ്യരും സകലജീവികളും ഒരുമിച്ച് പങ്കിടുന്ന സാർവജനീനമായ അനു"വങ്ങളുടെ അന്വേഷണങ്ങളുടെ ഒരു ഉത്സവവേദിയായിരിക്കും സകല സ്നേഹലോകം. സാർവജനീനം എന്നത് ഇവിടെ സ്വകാര്യവ്യക്തിക്കോ "രണകൂടത്തിനോ സ്വത്താക്കിമാറ്റാൻ കഴിയാത്ത പിടിച്ചെടുക്കലുകൾക്കും വിലയിടലുകൾക്കും അപ്പുറം നിൽക്കുന്ന പ്രകൃതിയുടേയും ജീവിതത്തിന്റേയും പ്രതി"ാസങ്ങളാണ്.വായു,അന്തരീക്ഷം, വെളിച്ചം, വെള്ളം,ഋതുക്കൾ, "ഭാഷ,സംഗീതം, സ്നേഹം. എല്ലാം സാർവജനീനമാണ്....വ്യക്തിയുടെ സ്വകാര്യസ്വത്തിനും "രണകൂടത്തിന്റെ പൊതുസ്വത്തിനും പുറത്ത് ഉള്ളവയാണവ...."ാഷ ജീവിക്കുന്നത് അത് സംസാരിക്കുന്നവരിലൂടെയാണ്.. .ആരുടെയും സ്വത്തല്ല...,അതുപോലെ സംഗീതം, നൃത്തം...ഓരോരുത്തർക്കും മറ്റുള്ളവരുടെ വേദനയും ആനന്ദവും തന്റെ വേദനയും ആനന്ദവുമായി "ാവനചെയ്യാനുള്ള കഴിവാണ് സ്നേഹം.സ്നേഹം ഒരു വ്യക്തിയിൽ ഒതുങ്ങുന്ന ഗുണമല്ല. എത്രയോ കാലമായി അധികാരകേന്ദ്രവും അതിനുകീഴ്പ്പെട്ടവരും തമ്മിലുള്ള ബന്ധത്തിന്റെ മാതൃകയിലായിരുന്നു സ്നേഹം. സ്നേഹം വ്യക്തിഗുണത്തിൽ നിന്നും ഒരു രാഷ്ട്രീയ ഗണമായിമാറുന്ന കാലത്താണ് സകലലോകസ്നേഹം എന്ന വിശാലമായ ഒരു കാഴ്ചപ്പാടിലേക്ക് നമുക്ക് എത്തിച്ചേരാനാവൂ...ആ സ്വപ്ന വൃക്ഷത്തിന് കുടനിവർത്താൻ നിങ്ങളിലും മണ്ണൊരുക്കൂ...ദേശീയതയും രാജ്യസ്നേഹവും, കുടുംബമഹിമയും, കുലധർമ്മങ്ങളും, ജാതിവാലും, മതത്തിന്റെ അടിയുടുപ്പും ലിംഗാ"ിമാനവും എല്ലാം അപ്രസക്തമാകുന്ന ഒരു "ാഷയിലേക്ക് കാലത്തിലേക്ക് സ്ഥലത്തിലേക്ക് നമുക്കാ സ്വപ്നവൃക്ഷത്തിന്റെ കുട നിവർത്താം.... സകലലോകസ്നേഹം

ലിംഗേതര കളിയിടങ്ങൾകകായി  ജെൻറർ ന്യൂട്രൽ ഫുഡ്ബോൾ

മത്സരം..

ലിംഗതുല്യതയുള്ള പൊതുഇടങ്ങൾക്കായുള്ള സമരപ്രഖ്യാപന ത്തിന്റെ "ഭാഗമായാണ് ജെൻറർ ന്യൂട്രൽ ഫുഡ്ബോൾ മത്സരം സംഘടിപ്പിക്കുന്നത്. ഏറ്റവും കൂടുതൽ ആൺകളിയായി വിവക്ഷി ക്കപ്പെടുന്ന ഫുഡ്ബോൾ തന്നെയാണ് അത്തരമോരു സാമൂഹ്യഇ ടപെടലിന്റെ "ാഗമായി തെരെഞ്ഞെടുത്തിരിക്കുന്നത്. മലപ്പുറത്തെ സംബന്ധിച്ചിടത്തോളം ഫുഡ്ബോൾ മലപ്പുറത്തിന്റെ വികാര മാണ്. കളിക്കളത്തിലും ഗാലറിയിലും പെൺപങ്കാളിത്തം ഉറപ്പി ക്കാനുള്ള അന്വേഷണമാണ്. സംസ്ഥാനത്തെ എല്ലാ ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത ടീമുകളുംരണ്ടു സെലിബ്രിറ്റി ടീമുകളുമാണ് ടൂർണമെന്റിൽ മാറ്റുരക്കുക.

രണ്ട് റൗണ്ടായി സംഘിപ്പിക്കുന്ന ടൂർണമെന്റിൽ ക്യാംമ്പസ് പ്രാദേശിക ടീമുകൽ മത്സരിക്കും. ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമായാണ് മത്സരങ്ങൾ. ജില്ലാതലത്തിലെ പ്രാഥമിക റൗണ്ട് വിജയികളാകുവർ രണ്ടാം റൗണ്ടിലേക്ക് കടക്കും. ജില്ലാതലത്തിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും സംസ്ഥാനതലത്തിൽ നോക്കൗട്ട് മാതൃകയിലുമാണ് ടൂർണമെന്റിന്റെ ഘടന. സംസ്ഥാന തലത്തിൽ പ്രീകോർട്ട് മുതലാണ് മത്സരങ്ങൾ. വിജയികളാകുന്നവർക്ക് ജില്ലാ സംസ്ഥാനതലത്തിൽ ഏചഎഘ ട്രോഫിയും ക്യാഷ് അവാർഡും ല"ിക്കും.

**60 പിന്നിട്ട കേരളം യുവജന പരിപ്രേക്ഷ്യം**

ഐക്യേരളം 60 വയസ്സ് പിന്നിടുകയാണ്. കേരളത്തിന്റെ വളർ ച്ചയേയും തളർച്ചയേയും പ്രതീക്ഷകളേയും ചർച്ചചെയ്യുന്ന 5 വിഷയസെമിനാറുകളാണ് ഈ സെഷനിൽ ഉണ്ടാകുക. നാള ത്തെ കേരളത്തെ കുറിച്ചുള്ള യുജന പരിപ്രേക്ഷ്യം സെമിനാറിന്റെ "ാഗമായി അവതരിപ്പിക്കും. കേരള വികസനത്തെ സംബന്ധിച്ച സുസ്ഥിരതയിലും തുല്യതയിലും ഊന്നിയുള്ള യുവജനക്കാഴ്ച്ചപ്പാ ടുകളായിരിക്കും ഇവ.

- **പൊതുസമീപനരേഖ**
- **കേരള വികസന ദിശ.. ഇന്നലെ ഇന്ന് നാളെ**
- **ശാസ്ത്രബോധവും കേരളീയ സമൂഹവും**
- **കേരളത്തിലെ ലിംഗ സമത്വത്തിൻറെ കാണാപ്പുറങ്ങൾ**
- **ഉണ്ട് ഒരു സാംസ്കാരിക , മാധ്യമ പ്രതിസന്ധി..**
- **പാർശ്വവത്കരണം**

മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ശാസ്ത്രസാംസ്കാരികോത്സവ ത്തിന്റെ ഉള്ളടക്കം

**60 പിന്നിട്ട കേരളം യുവജന പരിപ്രേക്ഷ്യം**

ഐക്യകേരളം 60 വയസ്സ് പിന്നിടുകയാണ്. കേരളത്തിന്റെ വളർ ച്ചയേയും തളർച്ചയേയും പ്രതീക്ഷകളേയും ചർച്ചചെയ്യുന്ന 5 വിഷയസെമിനാറുകളാണ് ഈ സെഷനിൽ ഉണ്ടാകുക. നാള ത്തെ കേരളത്തെ കുറിച്ചുള്ള യുവജന പരിപ്രേക്ഷ്യം സെമിനാ

റിന്റെ ഭാഗമായി അവതരിപ്പിക്കും. കേരള വികസനത്തെ സംബന്ധിച്ച സുസ്ഥിരതയിലും തുല്യതയിലും ഊന്നിയുള്ള യുവജനക്കാഴ്ച്ചപ്പാടുകളായിരിക്കും ഇവ. പൊതുസമീപനരേഖ, കേരള വികസന ദിശഇന്നലെ ഇന്ന് നാളെ, ശാസ്ത്രബോധവും കേരളീയ സമൂഹവും , കേരളത്തിലെ ലിംഗ അസമത്വത്തിന്റെ കാണാപ്പുറങ്ങൾ, സാംസ്കാരികകേരളം, പാർശ്വവത്കരണവും കേരളവും എന്നീ വിഷയങ്ങളിലായി നടക്കുന്ന സെമിനാറിൽ പ്രമുഖർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

**ലിംഗേതര കളിയിടങ്ങൾക്കായി ജെൻറർ ന്യൂട്രൽ ഫുഡ്ബോൾ മത്സരം**

പൊതുഇടങ്ങൾ പെണ്ണിന്റെതുകൂടിയാണ്. സുരക്ഷയുടെ പേരിൽ സ്ത്രീകളെ മാറ്റിനിർത്തുകയല്ല വേണ്ടത്. പൊതുപ്രസ്ഥാനങ്ങളും പൊതുഇടങ്ങളും സ്ത്രീപക്ഷമാകണമെന്ന സന്ദേശം ഉയർത്തിപ്പിടിച്ച് ലിംഗതുല്യതയുള്ള പൊതുഇടങ്ങൾക്കായുള്ള സമരപ്രഖ്യാപനത്തിന്റെ ഭാഗമായാണ് ജെൻറർ ന്യൂട്രൽ ഫുഡ്ബോൾ മത്സരം സംഘടിപ്പിക്കുന്നത്. ഏറ്റവും കൂടുതൽ ആൺ കളിയായി വിവക്ഷിക്കപ്പെടുന്ന ഫുഡ്ബോൾ തന്നെയാണ് അത്തരമൊരു സാമൂഹ്യഇടപെടലിന്റെ ഭാഗമായി തെരെഞ്ഞെടുത്തിരിക്കുന്നത്. മലപ്പുറത്തെ സംബന്ധിച്ചിടത്തോളം ഫുഡ്ബോൾ മലപ്പുറത്തിന്റെ വികാരമാണ്. കളിക്കളത്തിലും ഗാലറിയിലും പെൺപങ്കാളിത്തം ഉറപ്പിക്കാനുള്ള അന്വേഷണമാണ് ഇത്. ഒരേ ടീമിൽ ആണും പെണ്ണും ട്രാൻസ്ജെന്ററും അണിനിരക്കും.

**സ്ക്രൈബ്സ് സാംസ്കാരികോത്സവം നാടകോത്സവം**

60 ലേറെ ക്യാമ്പസുകൾ പങ്കെടുക്കുന്ന ക്യാമ്പസ് സർഗാത്മക ആവിഷ്കാരങ്ങളുടെ രംഗവേദിയായിരിക്കും സ്ക്രൈബ്സ് സാംസ്കാരികോത്സവം. ക്യാംപസ് നാടകങ്ങൾ, പ്രൊഫഷണൽ അമേചർ പരീക്ഷണ നാടകങ്ങൾ , മാനവഗീതങ്ങൾ , പാട്ടുസംഘങ്ങൾ മ്യൂസിക് ബാൻഡ് (ഊരാളി മുതൽ മണ്ണ് വരെ) എന്നിവയുണ്ടാകും.

**സകല ലോക സ്നേഹം (സലോസ) ചലച്ചിത്രോത്സവം**

വിശ്വമാനവികത ഉയർത്തിപ്പിടിപ്പിക്കുന്ന 2 ദിവസത്തെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം.-ഫീച്ചർ-ഡോക്യുമെന്ററി ഷോർട്ട് ഫിലിം വിഭാഗങ്ങളിലുള്ള ചലച്ചിത്രങ്ങളായിരിക്കും പ്രദർശിപ്പിക്കുക. സാർവദേശീയതയെ വിഷയമാകുന്ന ഓപ്പൺ ഫോറത്തിൽ പ്രഗത്ഭർ പങ്കെടുക്കും.

**നവോത്ഥാനവർഷം പാനൽ പ്രദർശനം**

കേരള നവോത്ഥാനത്തെ പ്രമേയമാക്കിയുള്ള ചരിത്ര പ്രദർശന പാനൽ ശാസ്ത്രസാംസ്കാരികോത്സവത്തിന്റെ ഭാഗമായി പ്രദർശിപ്പിക്കും.

**മണ്ണും പെണ്ണും** - ഫോട്ടോ-ചിത്ര പ്രദർശനം

**3 ദിവസത്തെ സ്ക്രൈബ്സ് ശാസ്ത്ര സാംസ്കാരികോത്സവത്തിലേക്ക് നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.**




ഈ
മരച്ചോട്ടിൽ
ഇരുന്ന്
മ്മക്ക്
വർത്താനിക്കാം



സകല
ലോക
സ്നേഹം

# SCRIBES

## ശാസ്ത്രസാംസ്കാരികോത്സവം

---

## 2017 ഫെബ്രുവരി 10,11,12

**മലപ്പുറം**

**മലപ്പുറം അറിവിന്റെ അനുഭൂതിയുടെ ഉത്സവത്തിലേക്ക്**

# സ്ക്രൈബ്സ്

---

## രജിസ്ട്രേഷന് വിളിക്കുക : 9633606920

**സന്ദർശിക്കുക ഫേസ്ബുക്ക് പേജ് സ്ക്രൈബ്സ് ശാസ്ത്രസാംസ്കാരികോത്സവം**